I ഇ.ബി. XV - കേരള നിയമസഭ/V-10

# പതിനഞ്ചാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2022 ജൂലൈ 14, വ്യാഴം

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(ബഹുമാനപ്പെട്ട അംഗങ്ങൾ കോവിഡ്-19 പ്രോട്ടോക്കോൾ പ്രകാരം സാമൂഹ്യ അകലം പാലിച്ച് അവരവരുടെ ഇരിപ്പിടങ്ങളിൽ മുഖാവരണം ധരിച്ച് ഉപവിഷ്ടരായി.)

## I. അടിയന്തരപ്രമേയം

അട്ടപ്പാടിയിലെ ശിശുമരണങ്ങൾ

മി. സ്പീക്കർ: അട്ടപ്പാടി ആദിവാസി മേഖലയിൽ മുരുഗള ഊരിൽ നാല് മാസം പ്രായമുള്ള കുഞ്ഞ് മരണമടഞ്ഞതുൾപ്പെടെ ശിശുമരണങ്ങൾ തുടരുന്നതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം

സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ എൻ. ഷംസുദ്ദീൻ, ടി. ജെ. വിനോദ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): അട്ടപ്പാടിയിലെ ശിശുമരണം ദുഃഖകരമായൊരു സംഭവമാണ്. ഇക്കഴിഞ്ഞ ജൂലൈ 11-നാണ് അട്ടപ്പാടി മുരുഗള ഊരിലെ അയ്യപ്പൻ-സരസ്വതി ദമ്പതികളുടെ 4 മാസം പ്രായമായ കുഞ്ഞ് മരണമടഞ്ഞത്. കുട്ടിയുടെ മരണവിവരം അറിഞ്ഞയുടൻ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർ ഊരിലെത്തി മൃതദേഹം അഗളി സാമൂഹികാരോഗ്യ കേന്ദ്രത്തിലെത്തിക്കുകയും തുടർന്ന് പാലക്കാട് ജില്ലാശുപത്രിയിൽ പോസ്റ്റ്മോർട്ടം നടത്തുകയും ചെയ്തു. പോസ്റ്റ്മോർട്ടം റിപ്പോർട്ട് ലഭ്യമായാൽ മാത്രമേ മരണകാരണം വ്യക്തമാകുകയുള്ളൂ. കനത്ത മഴയെത്തുടർന്ന് മുരുഗള ഊരിലേയ്ക്കുള്ള റോഡിൽ ചെളി നിറഞ്ഞതിനാൽ അവിടേയ്ക്ക് വാഹനസൗകര്യമേർപ്പെടുത്താൻ കഴിഞ്ഞില്ല. കുടുംബത്തിന് എല്ലാവിധ സഹായങ്ങളും ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ശിശുമരണങ്ങൾ ആവർത്തിക്കാതിരിക്കാൻ അട്ടപ്പാടിക്കുവേണ്ടി പ്രത്യേക

ആക്ഷൻ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. ഹൈ റിസ്കിൽപ്പെട്ടതും സിക്കിൾസെൽ അനീമിയ ബാധിച്ചതുമായ ഗർഭിണികളെ നിരീക്ഷിക്കുന്നതിന് പ്രത്യേക സംവിധാനമേർപ്പെടുത്തുകയും ജനനി ജന്മരക്ഷാ പദ്ധതിയിലെ കുടിശ്ശിക കൊടുത്തുതീർക്കുകയും ഗർഭിണികൾക്ക് പ്രത്യേക പോഷകാഹാരക്കിറ്റ് വിതരണം ചെയ്യുകയും ഊരുകൾതോറും കമ്മ്യൂണിറ്റി കിച്ചൻ പദ്ധതി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. എല്ലാ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും ഹെൽത്ത് കാർഡ് വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. മുരുഗള ഊരിലേയ്ക്ക് റോഡ് സൗകര്യമൊരുക്കുന്നതിനുള്ള പ്രായോഗിക ബുദ്ധിമുട്ടുകൾ പരിശോധിച്ചുവരികയാണ്. ആദിവാസി ഊരുകളിൽ വാഹനസൗകര്യമൊരുക്കുന്നതിന് പ്രത്യേക പദ്ധതി നടപ്പിലാക്കാനുദ്ദേശിക്കുന്നു. കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ശിശുമരണങ്ങൾ ആവർത്തിക്കാതിരിക്കാനുള്ള ഇടപെടൽ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകും. ഇപ്പോൾ സംഭവിച്ചിരിക്കുന്ന ശിശുമരണത്തിന്മേൽ ജില്ലാ കളക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർക്കാരിന്റെ അലംഭാവവും നിഷ്ക്രിയത്വവുംമൂലം അട്ടപ്പാടിയിലെ ആദിവാസി മേഖലയിൽ ശിശുമരണങ്ങൾ തുടർക്കഥയാകുകയാണ്. മുരുഗള ഊരിലെ അയ്യപ്പൻ-സരസ്വതി ദമ്പതികൾക്ക് കുഞ്ഞിന്റെ മൃതദേഹവും വഹിച്ചുകൊണ്ട് കിലോമീറ്ററുകളോളം നടന്നുപോകേണ്ടിവന്നത് സർക്കാർ സംവിധാനങ്ങളുടെ പോരായ്മയാണ്. അട്ടപ്പാടിക്കുവേണ്ടി തയ്യാറാക്കിയ മാസ്റ്റർപ്ലാനിലെ പദ്ധതികളൊന്നും നടപ്പാക്കിയിട്ടില്ല. സമൂഹത്തിൽ പ്രത്യേക പരിഗണന ലഭിക്കേണ്ട ഒരു വിഭാഗത്തെ അവഗണിക്കുന്ന നിലപാടാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. ആരോഗ്യ പ്രവർത്തകരെ നിയോഗിച്ച് ഈ മേഖലയിലെ ഗർഭിണികൾക്ക് ആവശ്യമായ പരിചരണം നൽകുകയും പ്രസവംവരെ അവരെ നിരീക്ഷിക്കുകയും വേണം. കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിലെ വിച്ഛേദിച്ച വൈദ്യുതി ബന്ധം പുനഃസ്ഥാപിക്കുകയും ശുദ്ധജലവും അവശ്യ മരുന്നുകളും ലഭ്യമാക്കുകയും വേണം. കമ്മ്യൂണിറ്റി കിച്ചണുകളുടെ പ്രവർത്തനം നിലച്ചതും അട്ടപ്പാടിയിലെ റോഡുകൾ നവീകരിക്കാത്തതും ആദിവാസികളെ ദുരിതത്തിലാക്കിയിരിക്കുകയാണ്. ആദിവാസികൾക്കായി പ്രത്യേക പാക്കേജ് തയ്യാറാക്കാൻ മുൻകയ്യെടുക്കണം. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): അട്ടപ്പാടിയിൽ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്. ആദിവാസി വിഭാഗത്തിലെ കുട്ടികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകുന്നതിനായി ഏകലവ്യ മോഡൽ റെസിഡൻഷ്യൽ സ്കൂൾ ആരംഭിച്ചിട്ടുണ്ട്. ഈ മേഖലയിലെ 13 കുടുംബങ്ങളെ റോഡ് സൗകര്യമുള്ള പ്രദേശത്ത് പുനരധിവസിപ്പിക്കാനുള്ള ശ്രമം നടത്തിവരികയാണ്. കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): ഗവൺമെന്റിന്റെ തുടർച്ചയായ പ്രവർത്തനങ്ങളിലൂടെ അട്ടപ്പാടിയിലെ ശിശുമരണങ്ങൾ കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്. ഈ വർഷം മരിച്ചതിൽ ഒരു കുട്ടിക്ക് മാത്രമാണ് പ്രസവസമയത്ത് തൂക്കക്കുറവുണ്ടായിരുന്നത്. കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിൽ 201 സ്ഥിരം ജീവനക്കാരെ നിയമിക്കുകയും പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് 1.98 കോടി രൂപയുടെ ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. ആധുനിക ഉപകരണങ്ങൾ സജ്ജമാക്കി ന്യൂബോൺ ഐ.സി.യു.

നവീകരിക്കുകയും പീഡിയാട്രിക് ഐ.സി.യു.-ന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരികയുമാണ്. ഗർഭിണികൾക്കായി ആഴ്ചയിൽ രണ്ടുദിവസം ആരോഗ്യ/കുടുംബശ്രീ പ്രവർത്തകരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. സഭയെ തെറ്റിദ്ധരിപ്പിക്കുന്ന കാര്യങ്ങളാണ് പ്രതിപക്ഷം ഉന്നയിക്കുന്നത്.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): കേരളത്തിലെ ആദിവാസി ജനവിഭാഗങ്ങളുടെ ജീവിതം മെച്ചപ്പെടുത്താനും ശിശുമരണംപോലുള്ള ദുരന്തങ്ങൾ ആവർത്തിക്കാതിരിക്കാനും സർക്കാർ മുൻകയ്യെടുക്കുന്നതാണ്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

(പ്രതിപക്ഷ നേതാവിന്റെ വാക്കൗട്ട് പ്രസംഗത്തിനിടയിൽ ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി ശ്രീമതി വീണാ ജോർജ് നടത്തിയ പരാമർശത്തിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസിനുമുന്നിൽ വന്നുനിന്ന് ബഹളം വച്ചുകൊണ്ടിരുന്നതിനെത്തുടർന്ന് രാവിലെ 10.50-ന് നിർത്തിവച്ച

സഭ 11.11-ന് പുനരാരംഭിച്ചു.)

ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ വി. ഡി. സതീശൻ, അനൂപ് ജേക്കബ്, ഡോ. എം. കെ. മുനീർ എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോവുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.

## II. ശ്രദ്ധക്ഷണിക്കൽ

(1) ശങ്കരൻ കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കൽ

ശ്രീ. പ്രമോദ് നാരായൺ: വിശ്വകർമ്മ സമുദായത്തിന്റെ തൊഴിൽ നഷ്ടവും സാമൂഹ്യ-സാമ്പത്തിക പിന്നോക്കാവസ്ഥയും സംബന്ധിച്ച് പഠിക്കാൻ നിയോഗിച്ച ശങ്കരൻ കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശകൾ നടപ്പിലാക്കണം. ഉന്നത വിദ്യാഭ്യാസ രംഗത്ത് വിശ്വകർമ്മജർക്ക് അനുവദിച്ചിട്ടുള്ള സംവരണം മറ്റ് മേഖലകളിലേയ്ക്ക് വ്യാപിപ്പിക്കുകയും വിവിധ വകുപ്പുകൾ മുഖേന നൽകിവരുന്ന സാമ്പത്തിക, വിദ്യാഭ്യാസ ആനുകൂല്യങ്ങൾ വിപുലീകരിക്കുകയും ക്ഷേമപെൻഷൻ തുക വർദ്ധിപ്പിക്കുകയും വേണം. റാന്നിയിലെ വിശ്വബ്രാഹ്മണ കോളേജ് എയ്ഡഡ് കോളേജാക്കി മാറ്റുന്നതിന് അനുകൂല നിലപാട് സ്വീകരിക്കണം. ആഭരണ തൊഴിലാളി

ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം വിപുലീകരിക്കുന്നതിനും വിശ്വകർമ്മജരുടെ അടിസ്ഥാന പ്രശ്നങ്ങൾ സമയബന്ധിതമായി പഠിക്കാൻ കമ്മീഷനെ നിയോഗിക്കുന്നതിനും വിശ്വകർമ്മ തൊഴിലാളികൾക്ക് സാമ്പത്തിക സഹായമുൾപ്പെടെ ലഭ്യമാക്കുന്നതിന് ആർട്ടിസാൻസ് സ്കിൽ ബാങ്ക് രൂപീകരിക്കുന്നതിനും നടപടി സ്വീകരിക്കണം.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): വിശ്വകർമ്മജരുടെ പ്രശ്നങ്ങൾ പഠിക്കാൻ രൂപീകരിച്ച കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ടിലെ 21 ശിപാർശകളിൽ 13 എണ്ണത്തിന്മേൽ തുടർനടപടി സ്വീകരിക്കേണ്ടതില്ലെന്ന് സർക്കാർ ഉത്തരവാകുകയും കമ്മീഷൻ റിപ്പോർട്ടിലെ മറ്റ് ശിപാർശകൾക്കനുസൃതമായി നടപടി സ്വീകരിക്കാൻ വിവിധ വകുപ്പുകൾക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. ക്ഷേമ പെൻഷൻ പദ്ധതിയിൽ എല്ലാ വിഭാഗം വിശ്വകർമ്മജരെയും ഉൾപ്പെടുത്തുകയും വിശ്വകർമ്മ പെൻഷൻ തുക ഇതര സാമൂഹ്യ പെൻഷൻ തുകയ്ക്ക് തുല്യമായി വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. പിന്നാക്ക വിഭാഗങ്ങളുടെ ജനസംഖ്യാ കണക്കുകൾ ഔദ്യോഗികമായി ലഭ്യമല്ലാത്തതിനാൽ വിദ്യാഭ്യാസ-തൊഴിൽ മേഖലയിൽ നിലവിലുള്ള സംവരണശതമാനം പുനഃക്രമീകരിക്കുന്നത്

പ്രായോഗികമല്ല. കാലാകാലങ്ങളിൽ പിന്നാക്ക വിഭാഗങ്ങളുടെ പ്രശ്നങ്ങൾ പഠിക്കാൻ സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷനെ ചുമതലപ്പെടുത്തുന്ന സാഹചര്യത്തിൽ വിശ്വകർമ്മജരുടെ പ്രശ്നങ്ങൾ പഠിക്കാനായി പ്രത്യേക കമ്മീഷനെ നിയമിക്കേണ്ട സാഹചര്യം നിലവിലില്ല. പിന്നാക്ക വികസന കോർപ്പറേഷൻ, ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ എന്നിവ മുഖേന നിരവധി പദ്ധതികൾ നടപ്പിലാക്കുന്നതിനാൽ ആർട്ടിസാൻസ് സ്കിൽ ബാങ്ക് രൂപീകരിക്കേണ്ട ആവശ്യമില്ല.

(2) കൊച്ചി ടൂറിസം ആക്ഷൻ പ്ലാൻ

ശ്രീ. ടി. ജെ. വിനോദ്: കൊച്ചിയിൽ പുതിയ ടൂറിസം ഡെസ്റ്റിനേഷനുകൾ വളർത്തിയെടുക്കാനും ആധുനിക രീതിയിലുള്ള ആർട്ട് ഗ്യാലറിയും കൾച്ചറൽ സെന്ററും ആരംഭിക്കാനും മൈക്രോ ഹൈഡൽ ടൂറിസം പ്ലാൻ നടപ്പിലാക്കാനും നടപടി സ്വീകരിക്കണം. കൊച്ചിയിലെ ടൂറിസം ഡെസ്റ്റിനേഷൻ ഡെവലപ്മെന്റിന്റെ ഭാഗമായി സ്ട്രീറ്റുകളുടെ വികസനം, സൈനേജുകൾ, ഇലക്ട്രിക് മൊബിലിറ്റി, പെഡസ്റ്റലൈസേഷൻ, സൈക്ലിംഗ് ഉൾപ്പെടെയുള്ള സൗകര്യങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും വിവിധ വകുപ്പുകളുടെയും ഏകോപനത്തോടെ ഏർപ്പെടുത്തണം. വിവിധ ടൂറിസം ഡെസ്റ്റിനേഷനുകൾ കോർത്തിണക്കി ടൂറിസം സർക്യൂട്ടുകളും

മൈക്രോ ടൂറിസം സംവിധാനങ്ങളും ഒരുക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): കൊച്ചിയിലെ ടൂറിസം സാദ്ധ്യതകൾ ഫലപ്രദമായി ഉപയോഗിക്കുന്നതിന്റെ ഭാഗമായി ജനപ്രതിനിധികളുമായും ടൂറിസം സ്റ്റേക്ക് ഹോൾഡേഴ്സുമായും ചർച്ച നടത്തിയിട്ടുണ്ട്. മറ്റിടങ്ങളെ അപേക്ഷിച്ച് ഹോസ്പിറ്റാലിറ്റി സെക്ടറിന്റെ കാര്യത്തിൽ കൊച്ചി മുന്നിലാണ്. വാട്ടർ മെട്രോയുടെ വരവോടെ വാട്ടർ ടൂറിസം സാദ്ധ്യതകൾ കൂടുതൽ പ്രയോജനപ്പെടുത്താൻ സാധിക്കുന്നതാണ്. തുരുത്തുകളെ ടൂറിസം ഡെസ്റ്റിനേഷനുകളായി വികസിപ്പിക്കുന്നതിന് മൈക്രോ പ്ലാൻ തയ്യാറാക്കുന്നതിനെക്കുറിച്ചും കൊച്ചി കേന്ദ്രമായി ക്രൂയിസ് ടൂറിസം നടപ്പിലാക്കുന്നതിനെക്കുറിച്ചും ആലോചിച്ചുവരികയാണ്. വെണ്ടുരുത്തി പഴയപാലത്തെ സംസ്ഥാനത്തെ ആദ്യത്തെ ഫുഡ് സ്ട്രീറ്റാക്കി മാറ്റാനുള്ള പ്രവർത്തനം പുരോഗമിച്ചുവരുന്നു. വ്യത്യസ്ത പൈതൃകങ്ങളുൾക്കൊള്ളുന്ന ഫോർട്ട് കൊച്ചിയെയും മട്ടാഞ്ചേരിയെയും സ്പൈസ് ടൂറിസത്തിന്റെ ഭാഗമാക്കാൻ ആലോചിക്കുന്നുണ്ട്. ടൂറിസം കേന്ദ്രത്തിൽ കൂടുതൽ താമസസൗകര്യം ഒരുക്കുന്നതിന്റെ ഭാഗമായി കൊച്ചിയിലെ പൊതുമരാമത്ത് റെസ്റ്റ് ഹൗസ് നവീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

## III. സബ്മിഷൻ

### 1. പൂഞ്ഞാറിലെ ഗ്രാമീണ റോഡുകളുടെയും പാലങ്ങളുടെയും പുനരുദ്ധാരണം

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: 2021 ഒക്ടോബറിലുണ്ടായ പ്രളയത്തിൽ തകർന്ന പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ ഇരുന്നൂറ് കിലോമീറ്റർ ഗ്രാമീണ റോഡുകളും നിരവധി പാലങ്ങളും പുനഃസ്ഥാപിക്കുന്നതിനും പുനരുദ്ധരിക്കുന്നതിനുമായി പ്രത്യേക പാക്കേജ് പ്രഖ്യാപിക്കുകയോ റീ-ബിൽഡ് കേരള പദ്ധതിയിലുൾപ്പെടുത്തുകയോ ചെയ്യുന്നതിന് നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): പൂഞ്ഞാർ നിയോജകമണ്ഡലത്തിലുണ്ടായ മലവെള്ളപ്പാച്ചിലിലും ഉരുൾപൊട്ടലിലും റോഡുകളും പാലങ്ങളും ഉപയോഗശൂന്യമായിതീർന്നതിനാൽ ജെ.സി.ബി ഉപയോഗിച്ച് മണ്ണ് മാറ്റി താത്കാലികമായി ഗതാഗതം പുന:സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ 34 പ്രവൃത്തികൾക്കായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ പുനരുദ്ധാരണ പദ്ധതിയിൽനിന്നും 5.80 കോടി രൂപ അനുവദിച്ചിട്ടുള്ളതിൽ 21 പ്രവൃത്തികൾ പൂർത്തിയാക്കുകയും 13

പ്രവൃത്തികളുടെ പണികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയുമാണ്. ഗതാഗതയോഗ്യമല്ലാത്ത റോഡുകളും കലുങ്കുകളും/പാലങ്ങളും ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഗതാഗതയോഗ്യമാക്കുന്നതാണ്.

2. കാലിത്തീറ്റയുടെ വില വർദ്ധനവ്

ശ്രീ. ടി. സിദ്ദിഖ്: കാലിത്തീറ്റ, ചോളപ്പൊടി, പച്ചപ്പുൽ എന്നിവയുടെ വില വർദ്ധിച്ചിരിക്കുന്ന സാഹചര്യത്തിൽ ഒരു ചാക്ക് കാലിത്തീറ്റയ്ക്ക് മിനിമം 250 രൂപ സബ്സിഡി നൽകി ക്ഷീര കർഷകരെ സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കണം.

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): കാലിത്തീറ്റയുടെ അമിത വിലവർദ്ധനവും തീറ്റ വസ്തുക്കളുടെ ലഭ്യതക്കുറവും പരിഹരിക്കുന്നതിനായി ക്ഷീര കർഷകർക്ക് പച്ചപ്പുൽ, വയ്ക്കോൽ തുടങ്ങിയവ സബ്സിഡി നിരക്കിൽ നൽകിവരുന്നുണ്ട്. ക്ഷീരസംഘങ്ങളിൽ പാൽ നൽകുന്ന കർഷകർക്ക് ഈ മാസം മുതൽ 4 രൂപവരെ ഇൻസെന്റീവ് നൽകാനും നടപ്പുസാമ്പത്തിക വർഷം 5.57 ലക്ഷം മെട്രിക് ടൺ തീറ്റപ്പുൽ അധികമായി ഉൽപ്പാദിപ്പിക്കാനും പൊതു/സ്വകാര്യ/വ്യക്തിഗത മേഖലകളിലും തരിശുഭൂമികളിലും വാണിജ്യാടിസ്ഥാനത്തിൽ തീറ്റപ്പുൽ വ്യാപകമാക്കാനും ലക്ഷ്യമിടുന്നു.

കുറഞ്ഞ വിലയ്ക്ക് കാലിത്തീറ്റ വിതരണം ചെയ്യുന്നതിനായി മിൽമയും കേരള ഫീഡ്സ് ലിമിറ്റഡും നടപടി സ്വീകരിച്ചുവരുന്നു. കിസാൻ റെയിൽ പദ്ധതിയിലൂടെ ക്ഷീരകർഷകർക്ക് കുറഞ്ഞ നിരക്കിൽ കാലിത്തീറ്റ എത്തിക്കാൻ ശ്രമിക്കുന്നതും അടുത്ത പാർലമെന്റ് സമ്മേളനത്തിൽ പ്രസ്തുത വിഷയം സഭയിലുന്നയിക്കാൻ എം.പി.-മാരോട് ആവശ്യപ്പെടുന്നതുമാണ്.

## 3. തൃപ്പൂണിത്തുറയിലെ ഇരുമ്പുപാലം

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): തൃപ്പൂണിത്തുറ-കൊച്ചി നഗരങ്ങളെ ബന്ധിപ്പിക്കുന്ന കാലപ്പഴക്കമുള്ള ഇരുമ്പുപാലം പുതുക്കി നിർമ്മിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): തൃപ്പൂണിത്തുറ-കൊച്ചി നഗരങ്ങളെ ബന്ധിപ്പിക്കുന്ന ഇരുമ്പുപാലത്തിന് കാലപ്പഴക്കമുള്ളതിനാൽ പുതിയ പാലം നിർമ്മിക്കുന്നതിനായി 30 കോടി രൂപയുടെ എസ്റ്റിമേറ്റിന് അനുമതി നൽകിയിട്ടുണ്ട്.

## 4. കോട്ടായി IHRD കോളേജിന്റെ കെട്ടിടനിർമ്മാണം

ശ്രീ. പി. പി. സുമോദ്: കോട്ടായി പഞ്ചായത്തിലെ ഐ.എച്ച്.ആർ.ഡി.-ക്ക് കീഴിലുള്ള കോളേജ് ഓഫ് അപ്ലൈഡ് സയൻസസിന് 9 കോടി രൂപ അനുവദിച്ച് കെട്ടിടനിർമ്മാണം

ആരംഭിക്കാനുള്ള നടപടിക്രമങ്ങൾ വേഗത്തിലാക്കണം.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): ഐ.എച്ച്.ആർ.ഡി.-യുടെ കീഴിലുള്ള കുഴൽമന്ദം കോളേജ് ഓഫ് അപ്ലൈഡ് സയൻസസിന് കോട്ടായി ഗ്രാമപഞ്ചായത്ത് അനുവദിച്ച സ്ഥലത്ത് പ്രധാന കെട്ടിടത്തിന്റെ ഒന്നാംഘട്ട നിർമ്മാണം പൂർത്തീകരിക്കുകയും രണ്ടാംഘട്ട നിർമ്മാണം പൂർത്തിയാക്കാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

5. സ്കൂൾ വിദ്യാർത്ഥികൾക്ക് ഉച്ചഭക്ഷണം

ശ്രീ. വി. ആർ. സുനിൽ കുമാർ: സ്കൂൾ വിദ്യാർത്ഥികൾക്ക് ഉച്ചഭക്ഷണം വിതരണം ചെയ്യുന്നതിനായി സർക്കാർ നൽകിവരുന്ന തുക കാലോചിതമായി വർദ്ധിപ്പിക്കാനും നഴ്സറിതലം മുതൽ പന്ത്രണ്ടാം ക്ലാസ് വരെയുള്ള വിദ്യാർത്ഥികൾക്ക് പ്രഭാതഭക്ഷണവും ഉച്ചഭക്ഷണവും അനുവദിക്കാനും നടപടി സ്വീകരിക്കണം.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സംസ്ഥാനത്തിന്റെ സപ്ലിമെന്ററി ന്യൂട്രീഷ്യൻ പരിപാടിയുടെ ചെലവ് ഉച്ചഭക്ഷണത്തിന് നൽകുന്ന തുകയിൽ നിന്നാണ് കണ്ടെത്തുന്നത്. നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവിന്റെ ഫലമായി ഉച്ചഭക്ഷണത്തിന് അനുവദിക്കുന്ന തുക അപര്യാപ്തമായതിനാൽ കുക്കിംഗ്

കോസ്റ്റ് കണ്ടിജൻസി തുകയും സപ്ലിമെന്ററി ന്യൂട്രീഷ്യനുള്ള തുകയും വർദ്ധിപ്പിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്. 2022-23 മുതൽ സമഗ്ര ശിക്ഷാ അഭിയാന്റെ കീഴിലുള്ള സർക്കാർ സ്കൂളുകളിലെയും പ്രീപ്രൈമറി, ബാലവാടികളിലെയും കുട്ടികളെ ഉച്ചഭക്ഷണം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പല വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പി.ടി.എ.-യുടെയും സ്കൂൾ സപ്പോർട്ടിംഗ് കമ്മിറ്റിയുടെയും നേതൃത്വത്തിൽ കുട്ടികൾക്ക് പ്രഭാതഭക്ഷണവും ഉച്ചഭക്ഷണവും നൽകുന്നുണ്ട്. സർക്കാരിനെ മാത്രം ആശ്രയിക്കാതെ ഇത്തരത്തിലുള്ള ഇടപെടൽ പൊതുസമൂഹത്തിൽ നിന്നുമുണ്ടാകാൻ അംഗങ്ങൾ മുൻകയ്യെടുക്കണം.

6. അമ്പലപ്പുഴയിലെ റോഡുകളുടെ ശോച്യാവസ്ഥ

ശ്രീ. എച്ച്. സലാം: ദേശീയപാതാ അതോറിറ്റിയുമായി ആലോചിച്ച് ദേശീയപാതകളുടെ പരിപാലനം ഉറപ്പുവരുത്താനും കാക്കാഴം മേൽപ്പാലത്തിന്റെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി പൂർത്തീകരിക്കാനും നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): ദേശീയപാതയിലെ കുഴികളുമായി ബന്ധപ്പെട്ട് 5 തവണ എൻ.എച്ച്.എ.ഐ.-യുമായി ചർച്ച ചെയ്തതിന്റെ

അടിസ്ഥാനത്തിൽ ചില പ്രശ്നങ്ങൾ പരിഹരിക്കപ്പെട്ടിട്ടുണ്ട്. ഈ വിഷയം കേന്ദ്രമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. കാലാവസ്ഥയുടെ പ്രത്യേകതയും ഡ്രെയിനേജ് സംവിധാനത്തിന്റെ പോരായ്മകളും റോഡുകളിൽ കുഴികൾ രൂപപ്പെടാനുള്ള കാരണമാണ്. പൊതുമരാമത്ത് വകുപ്പ് റോഡുകളുടെ പരിപാലനത്തിനായി വിവിധ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. അഞ്ച് വർഷത്തിനുള്ളിൽ 50 ശതമാനം പൊതുമരാമത്ത് റോഡുകൾ ബി.എം.&ബി.സി. ഗുണനിലവാരത്തിലെത്തിക്കാനുള്ള നടപടി സ്വീകരിച്ചുവരികയാണ്.

7. തിരൂർ-പൊൻമുണ്ടം റെയിൽവേ ഓവർ ബ്രിഡ്ജ്

ശ്രീ. കുറുക്കോളി മൊയ്തീൻ: തിരൂർ-പൊൻമുണ്ടം റെയിൽവേ ഓവർബ്രിഡ്ജിന് അപ്രോച്ച് റോഡ് നിർമ്മിച്ച് ഗതാഗത യോഗ്യമാക്കാനുള്ള നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): തിരൂർ നഗരത്തിലെ ഗതാഗതക്കുരുക്കിന് പരിഹാരമായി റെയിൽവേ ഓവർ ബ്രിഡ്ജ് നിർമ്മിക്കുന്ന കാര്യം സാമ്പത്തിക ലഭ്യതയ്ക്കനുസരിച്ച് തീരുമാനിക്കുന്നതാണ്. തിരൂർ മുനിസിപ്പാലിറ്റിയുടെ സ്ഥലവുമായി ബന്ധപ്പെട്ട വിഷയമായതിനാൽ

ബഹു. എം.എൽ.എ. മുൻകയ്യെടുത്ത് യോഗം വിളിച്ചുചേർത്ത് ആവശ്യമായ ഇടപെടൽ നടത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

8. ചാലക്കുടിയിലെ അടിപ്പാത നിർമ്മാണം

ശ്രീ. സനീഷ്കുമാർ ജോസഫ്: ചാലക്കുടി നഗരസഭയിലെ അടിപ്പാതയുടെ നിർമ്മാണം പൂർത്തിയാക്കുന്നതിന് സത്വര നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): ചാലക്കുടി അടിപ്പാത നിർമ്മാണവുമായി ബന്ധപ്പെട്ട വിഷയം ദേശീയപാത അതോറിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തിയെങ്കിലും കാര്യമായ പുരോഗതിയുണ്ടായിട്ടില്ല. വീഴ്ചവരുത്തിയ കരാറുകാരനെതിരെ നടപടി സ്വീകരിക്കുമെന്ന് ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്; അതോറിറ്റിയുമായി ബന്ധപ്പെട്ട് പ്രവൃത്തി പൂർത്തിയാക്കാനുള്ള ശ്രമം നടത്തുന്നതാണ്.

9. മോട്ടോർ തൊഴിലാളി മേഖലയിലെ പ്രശ്നങ്ങൾ

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: മോട്ടോർ തൊഴിലാളി മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കാനും പൊതുഗതാഗത സംവിധാനം ശക്തിപ്പെടുത്തുന്നതിന് സമഗ്ര ഗതാഗതനയത്തിന് രൂപം നൽകാനും

ചെറുകിട ഡ്രൈവിംഗ് സ്കൂളുകാരെ കുത്തകകളിൽ നിന്നും സംരക്ഷിക്കാനും മറ്റ് സംസ്ഥാനങ്ങൾ ഈടാക്കുന്ന എൻട്രി ടാക്സിന്റെ വിഷയത്തിൽ ഇടപെടൽ നടത്തുന്നതിനും നടപടി സ്വീകരിക്കണം.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു): 1988-ലെ കേന്ദ്ര മോട്ടോർ വാഹന നിയമത്തിൽ വരുത്തിയ ഭേദഗതിയിൽ തൊഴിലാളികൾക്ക് ദോഷകരമാകാത്ത നിലപാട് സ്വീകരിക്കാനാണ് സർക്കാർ ആലോചിക്കുന്നത്. കോവിഡ് കാലത്ത് തകർച്ചയിലായ ഗതാഗത മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിനായി സ്റ്റേജ്/കോൺട്രാക്ട് കാര്യേജുകളുടെയും സ്കൂൾ- കോളേജ് ബസ്സുകളുടെയും നികുതി ഒഴിവാക്കുകയും ഫിറ്റ്നസ്, രജിസ്ട്രേഷൻ, ലൈസൻസ്, പെർമിറ്റ് തുടങ്ങിയവയുടെ കാലാവധി ദീർഘിപ്പിച്ച് നൽകുകയും കോൺട്രാക്ട് കാര്യേജുകൾക്ക് നികുതി അടയ്ക്കാനുള്ള സമയപരിധി നീട്ടി നൽകുകയും ചെയ്തിട്ടുണ്ട്. വാഹനങ്ങളുടെ രജിസ്ട്രേഷൻ ഫീസിലും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നിരക്കിലും വരുത്തിയിട്ടുള്ള വർദ്ധനവ് അനുഭാവപൂർവ്വം പരിഹരിക്കാൻ ശ്രമിക്കുന്നതാണ്. അന്യ സംസ്ഥാനങ്ങളിൽ പ്രവേശിക്കുന്ന വാഹനങ്ങൾക്ക് ഈടാക്കുന്ന എൻട്രി ടാക്സ് കുറയ്ക്കുന്നതിന് അയൽ സംസ്ഥാനങ്ങളുമായി സർക്കാർതലത്തിൽ ഇടപെടൽ നടത്തുകയും ചരക്കുവാഹനങ്ങൾക്ക് വാടക നിരക്ക് പുതുക്കി

നിശ്ചയിക്കുന്നതിന് ഫെയർ റിവിഷൻ കമ്മിറ്റിയെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഡ്രൈവിംഗ് ടെസ്റ്റുകൾക്ക് ഗ്രൗണ്ടുകൾ തയ്യാറാക്കുന്ന ജോലി ഡിപ്പാർട്ടുമെന്റ് ഏറ്റെടുക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. തൊഴിലാളികളും തൊഴിൽ സംഘടനകളുമായും കൂടിയാലോചിച്ച് ഒരു സമഗ്ര ഗതാഗത നയം കൊണ്ടുവരാൻ പരിശ്രമിക്കുന്നതാണ്.

## 10. മരബോട്ടുകളുടെ ലൈസൻസ്

ശ്രീ. കെ. വി. സുമേഷ്: അഴീക്കൽ ഹാർബറിൽ മത്സ്യബന്ധനത്തിന് ഉപയോഗിക്കുന്ന 15 വർഷം പഴക്കമുള്ള മര ബോട്ടുകളുടെ ലൈസൻസ് പുതുക്കി നൽകാൻ നടപടി സ്വീകരിക്കണം.

മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): കാലപ്പഴക്കം ചെന്നതും പ്രവർത്തനക്ഷമമല്ലാത്തതുമായ യാനങ്ങൾ മത്സ്യബന്ധനത്തിന് ഉപയോഗിക്കുന്നതായും അപകടത്തിൽപ്പെടുന്നതായും ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് രൂപീകരിച്ച ടെക്നിക്കൽ കമ്മിറ്റിയുടെ ശിപാർശപ്രകാരം യാനങ്ങളുടെ കാലാവധി നിശ്ചയിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. വർഷംതോറും അറ്റകുറ്റപ്പണി നടത്തി പ്രവർത്തനക്ഷമത പരിശോധിച്ച് നിശ്ചിത കാലയളവിലേയ്ക്ക് ലൈസൻസ് പുതുക്കി

നൽകണമെന്ന ആവശ്യം ഉയർന്നതിനെത്തുടർന്ന് കേരള സംസ്ഥാന മാരിടൈം ബോർഡിന്റെ പ്രതിനിധിയെക്കൂടി ഉൾപ്പെടുത്തി പുനഃസംഘടിപ്പിച്ച ടെക്നിക്കൽ കമ്മിറ്റി തടികൊണ്ട് നിർമ്മിക്കുന്നതുൾപ്പെടെയുള്ള മത്സ്യബന്ധന യാനങ്ങൾക്ക് വിജ്ഞാപന പ്രകാരമുള്ള കാലാവധി കഴിഞ്ഞശേഷവും മൂന്ന് വർഷം ദീർഘിപ്പിച്ച് നൽകണമെന്ന് ശിപാർശ ചെയ്തിതതിന്റെയടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിച്ചുവരികയാണ്.

## IV. റിപ്പോർട്ടുകളുടെ സമർപ്പണം

(1) 2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി-II ന്റെ ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും 2021 ഏപ്രിൽ 1 മുതൽ 2022 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും സമർപ്പിച്ചു.

(2) 2022-ലെ കേരള ധനകാര്യ ബിൽ, കേരള ധനകാര്യ (2-ാം നമ്പർ) ബിൽ എന്നിവ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി-VIII ന്റെ റിപ്പോർട്ടുകൾ സമർപ്പിച്ചു.

(3) സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റിയുടെ ആറ് മുതൽ പത്ത് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിച്ചു.

(4) അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ ആറാമത് റിപ്പോർട്ട് സമർപ്പിച്ചു.

## V. വ്യക്തിപരമായ വിശദീകരണം

### കോട്ടത്തറ ആശുപത്രിയുമായി ബന്ധപ്പെട്ട് ശ്രീ. എൻ. ഷംസുദ്ദീൻ എം.എൽ.എ. നടത്തിയ പരാമർശം

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): അട്ടപ്പാടി കോട്ടത്തറ ആശുപത്രിയുടെ പ്രവർത്തനങ്ങൾ മണ്ണാർക്കാട് എം.എൽ.എ., ശ്രീ. എൻ. ഷംസുദ്ദീനെ പങ്കെടുപ്പിച്ചുകൊണ്ടാണ് നടത്തിയിട്ടുള്ളത്. ആശുപത്രിക്ക് ദേശീയ ഗുണനിലവാര സർട്ടിഫിക്കറ്റ് 90% സ്കോറോടുകൂടി നേടാനായത് അഭിമാനാർഹമാണ്. അട്ടപ്പാടി കോട്ടത്തറ ആശുപത്രിയിലെ ശിശുരോഗ വിഭാഗത്തിൽ ആധുനിക ഉപകരണങ്ങളുൾപ്പെടെയുള്ള സജ്ജീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

## VI. ധനകാര്യം

### 2022-23 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XVII - വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം

(17103,98,28,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XXIV – തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസിക്ഷേമവും

(947,89,80,000 രൂപ)

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): താഴെപ്പറയുന്ന ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XLVI - സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും (8812,07,24,000 രൂപ)

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): പ്രമേയങ്ങളെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന XVII നമ്പർ ധനാഭ്യർത്ഥനയേയും തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസിക്ഷേമവും

എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയേയും സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിച്ച ചട്ടം 236(3) പ്രകാരമുള്ള പ്രസ്താവന മേശപ്പുറത്തുവയ്ക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചു.

ശ്രീ. കെ. എം. സച്ചിൻദേവ്: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. വിദ്യാഭ്യാസ മേഖലയിൽ വരുത്തിയിട്ടുള്ള പരിഷ്കാരങ്ങൾ സർക്കാരിന്റെ മികവ് തെളിയിക്കുന്നതാണ്. അട്ടപ്പാടിയിൽ 'സമ്പൂർണ്ണ ആദിവാസി സാക്ഷരത' പദ്ധതി 138 ഊരുകളിൽ നടപ്പിലാക്കാനായതും പഠനവിടവ് നികത്തുന്നതിനുവേണ്ടി 'ഊരു വിദ്യാകേന്ദ്രം' പദ്ധതി ആവിഷ്കരിച്ച് ആദിവാസി വിദ്യാർത്ഥികളുടെ പഠനപ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ കഴിഞ്ഞതും വയനാട് 'സമ്പൂർണ്ണ ആദിവാസി സാക്ഷരതാ' പദ്ധതിയിലൂടെ 12,633 പേരെ സാക്ഷരരാക്കി മാറ്റിയതും അഭിമാനാർഹമാണ്.

ശ്രീ. സനീഷ്കുമാർ ജോസഫ്: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ജില്ലാടിസ്ഥാനത്തിൽ വിദ്യാർത്ഥികൾക്കാനുപാതികമായി പ്ലസ് വൺ ബാച്ചുകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണം. പൊതുവിദ്യാഭ്യാസ മേഖലയെ തകർക്കുന്ന സമീപനമാണ് സർക്കാർ സ്വീകരിക്കുന്നത്. സ്കൂളുകളിൽ ഒഴിഞ്ഞുകിടക്കുന്ന അദ്ധ്യാപക തസ്തികകളിൽ നിയമനം

നടത്തുന്നതിനോ എയ്ഡഡ് സ്കൂളുകളിലെ നിയമനം അംഗീകരിക്കാനോ സർക്കാർ തയ്യാറാകുന്നില്ല. ഏഴാം ക്ലാസിലെ സാമൂഹ്യശാസ്ത്ര പാഠപുസ്തകത്തിലെ 'നവകേരള സൃഷ്ടിക്കായി' എന്ന അദ്ധ്യായത്തിൽ നവോത്ഥാന നായകരിൽ പ്രഥമഗണനീയനായിരുന്ന ചാവറയച്ചനെ ഉൾപ്പെടുത്താത്തത് പ്രതിഷേധാർഹമാണ്. അങ്കണവാടികളിലും സ്കൂളുകളിലും കുട്ടികൾക്ക് ശുചിത്വത്തോടെ ഭക്ഷണം തയ്യാറാക്കി നൽകാൻ നടപടി സ്വീകരിക്കണം. വിദേശത്ത് ജയിലിൽ കഴിയുന്ന പ്രവാസി മലയാളികൾക്ക് നിയമസഹായം നൽകാൻ അഭിഭാഷക പാനലിന്റെ സേവനം ലഭ്യമാക്കണം. മുടങ്ങിക്കിടക്കുന്ന ആശ്വാസകിരണം പദ്ധതി പുനഃസ്ഥാപിക്കുന്നതിനും ചാലക്കുടി മണ്ഡലത്തിലെ ഇൻഡോർ സ്റ്റേഡിയത്തിന്റെ പ്രവൃത്തി പൂർത്തീകരിക്കുന്നതിനും തയ്യാറാകണം.

ശ്രീ. വി. ശശി: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം വിപ്ലവകരമായ മാറ്റങ്ങളാണ് സൃഷ്ടിച്ചിട്ടുള്ളത്. വിദ്യാലയങ്ങളുടെ ഭൗതിക സൗകര്യങ്ങളിലും കുട്ടികളുടെ പഠനമികവിലും അഭൂതപൂർവ്വമായ കുതിച്ചുചാട്ടമാണുണ്ടായത്. പൊതുവിദ്യാലയങ്ങൾ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്കുയർത്താൻ സാധിച്ചിട്ടുണ്ട്. കിഫ്ബി ധനസഹായത്തോടെ 973 സ്കൂളുകൾക്ക് ആധുനിക

രീതിയിലുള്ള കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും പ്ലാൻ ഫണ്ടിൽ നിന്നും തുക ചെലവഴിച്ച് 1100 വിദ്യാലയങ്ങളിൽ ഭൗതിക സൗകര്യവികസനം സാധ്യമാക്കുന്നതിനും വിദ്യാലയങ്ങളിൽ ജൈവ വൈവിദ്ധ്യ പാർക്കുകൾ സ്ഥാപിക്കുന്നതിനും എല്ലാ വിദ്യാലയങ്ങളെയും ഹൈടെക് ആക്കി മാറ്റുന്നതിനും സ്കൂളുകളിൽ ഡിജിറ്റൽ ക്ളാസുകൾ സാധ്യമാക്കുന്നതിനും സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. പഠന പിന്തുണ ആവശ്യമുള്ള കുട്ടികൾക്കായി വൈവിദ്ധ്യമാർന്ന പദ്ധതികൾ ആവിഷ്കരിക്കാനും ഭാഷാശാസ്ത്രം, സാമൂഹ്യശാസ്ത്രം, ഗണിതം എന്നിവയ്ക്ക് പ്രത്യേക പഠന പരിശീലന പദ്ധതികൾ നടപ്പാക്കാനും അദ്ധ്യാപകർക്കാവശ്യമായ പരിശീലനം നൽകാനും സാധിച്ചത് സ്വാഗതാർഹമാണ്. കേരളത്തെ ഉന്നത വിദ്യാഭ്യാസത്തിന്റെ ഹബ്ബാക്കി മാറ്റാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. സംസ്ഥാനത്തെ സർവ്വകലാശാലകൾക്കും ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഇ-ജേണൽ വിഭവങ്ങൾ ലഭ്യമാക്കാനുള്ള ഉത്തരവാദിത്വം സംസ്ഥാന സർക്കാർ ഏറ്റെടുത്തതും ഉന്നത വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉറപ്പാക്കാനായി സ്റ്റേറ്റ് അസെസ്മെന്റ് ആന്റ് അക്രഡിറ്റേഷൻ സെന്റർ സ്ഥാപിക്കാനുള്ള തീരുമാനവും പ്രശംസനീയമാണ്.

<u>ശ്രീ. യു. എ. ലത്തീഫ്</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ലോകോത്തര ഏജൻസികളുടെ റാങ്കിംഗിൽ ആദ്യത്തെ ആയിരത്തിലൊന്നുപോലും കരസ്ഥമാക്കാൻ കേരളത്തിലെ സർവ്വകലാശാലകൾക്ക് സാധിച്ചിട്ടില്ലെന്നത് അപമാനകരമാണ്. ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിക്ക് യു.ജി.സി. അംഗീകാരം ലഭിച്ചിട്ടില്ലാത്തതിനാൽ കഴിഞ്ഞ വർഷം മലബാർ മേഖലയിലുള്ള ഒരു ലക്ഷത്തോളം കുട്ടികൾക്ക് മറ്റ് സംസ്ഥാനങ്ങളിൽ രജിസ്റ്റർ ചെയ്യേണ്ടി വന്നിട്ടുണ്ട്. എയിഡഡ്/സർക്കാർ സ്കൂളുകളിലെ അദ്ധ്യാപക ഒഴിവുകൾ നികത്തുന്നതിനും ഗസ്റ്റ് അദ്ധ്യാപകരുടെ ശമ്പള കുടിശ്ശിക അനുവദിക്കുന്നതിനും ബദൽ സ്കൂളുകൾ പൂട്ടുന്നതിലെ ആശങ്ക പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കണം. വിദ്യാകിരണം പദ്ധതി, അസാപിന്റെ പ്രവർത്തനം എന്നിവ ശക്തിപ്പെടുത്തണം. പാലക്കാട്, മലപ്പുറം ജില്ലകൾക്കായി കോളേജ് വിദ്യാഭ്യാസ മേഖലാ ഓഫീസ് സ്ഥാപിക്കുന്നതിനും യോഗ്യതയുള്ള പ്രിൻസിപ്പാൾമാരെ കോളേജുകളിൽ നിയമിക്കുന്നതിനും നടപടി സ്വീകരിക്കണം. ജനസംഖ്യാനുപാതികമായി വിദ്യാഭ്യാസ സ്ഥാപനങ്ങളും കോഴ്സുകളും സീറ്റുകളും മലപ്പുറം ജില്ലയ്ക്ക് അനുവദിക്കുന്നതിനും സർവ്വകലാശാലകളിലെ അദ്ധ്യാപക നിയമനം

പി.എസ്.സി.ക്ക് വിടുന്നതിനും ബാക്ക്‌ലോഗ് നികത്തുന്നതിനും നടപടി സ്വീകരിക്കണം. ദേശീയ വിദ്യാഭ്യാസ പദ്ധതി നടപ്പിലാക്കുമ്പോൾ ഭാഷാപഠനം നിലനിർത്താൻ തയ്യാറാകണം. വിമാനക്കമ്പനികൾ ടിക്കറ്റ് നിരക്ക് വർദ്ധിപ്പിക്കുന്നത് തടയുന്നതുൾപ്പെടെ പ്രവാസികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കണം.

ശ്രീ. എം. എസ്. അരുൺ കുമാർ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ മികച്ച നേട്ടം കൈവരിക്കുന്നതിനും സ്കൂൾ തുറക്കുന്നതിനുമുന്നോടിയായി ആവശ്യമായ സജ്ജീകരണങ്ങൾ ഉറപ്പാക്കുന്നതിനും സർക്കാരിന് സാധിച്ചിട്ടുണ്ട്. കോവിഡ് മഹാമാരി കാലത്ത് എസ്.എസ്.എൽ.സി., ഹയർ സെക്കണ്ടറി പരീക്ഷകൾ നടത്തുന്നതിനും പരീക്ഷാഫലം യഥാസമയം പ്രസിദ്ധീകരിക്കുന്നതിനും കഴിഞ്ഞുവെന്നത് അഭിനന്ദനാർഹമാണ്. 26 ലക്ഷം വിദ്യാർത്ഥികൾക്ക് പാഠപുസ്തകങ്ങളും 9 ലക്ഷം വിദ്യാർത്ഥികൾക്ക് യൂണിഫോമും സൗജന്യമായി വിതരണം ചെയ്യാനും പാഠ്യപദ്ധതി പരിഷ്കരണത്തിന് നടപടി സ്വീകരിക്കാനും കഴിഞ്ഞിട്ടുണ്ട്. സ്കൂളുകളിൽ നടപ്പിലാക്കുന്ന 'വായനാ വസന്തം', 'എഴുത്തുപച്ച', 'വെതർ സ്റ്റേഷൻ', 'ഭാഷാമൃതം' എന്നീ പദ്ധതികൾ ശ്രദ്ധേയമാണ്.

<u>ശ്രീ. പ്രമോദ് നാരായൺ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ജെൻഡർ ഇക്വാളിറ്റി ആധാരമാക്കി പാഠ്യപദ്ധതി പരിഷ്കരിക്കാനും ചാവറയച്ചന്റെ സംഭാവനകൾ പാഠ്യപദ്ധതിയിലുൾപ്പെടുത്താനും നടപടിയുണ്ടാകണം. ലേണിംഗ് ഗ്യാപ്പ് പരിഹരിക്കുന്നതിന് ബ്രിഡ്ജ് കോഴ്സുകൾ ആരംഭിക്കണം. പരീക്ഷാ പരിഷ്കരണത്തിന് പ്രത്യേക സമിതിയെ നിയോഗിക്കുന്നതിന് തയ്യാറാകണം.

<u>ശ്രീ. എം. മുകേഷ്</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കണ്ണൂരിലെ ചിറയ്ക്കലിൽ ചെറുശ്ശേരിയുടെ നാമധേയത്തിൽ സാംസ്കാരികകേന്ദ്രം സ്ഥാപിക്കുന്നതിനും തിരൂർ തുഞ്ചൻപറമ്പിൽ ഗവേഷണ കേന്ദ്രം വിപുലീകരിക്കുന്നതിനും എം.എസ്. വിശ്വനാഥന് സ്മാരകം നിർമ്മിക്കുന്നതിനും പണ്ഡിറ്റ് കറുപ്പന്റെ പേരിൽ സ്മൃതിമണ്ഡപം നിർമ്മിക്കുന്നതിനും ചാവറ സാംസ്കാരിക ഗവേഷണകേന്ദ്രത്തിനും പി. കൃഷ്ണപിള്ള നവോത്ഥാന പഠനകേന്ദ്രം നിർമ്മിക്കുന്നതിനും തുക അനുവദിച്ചത് സർക്കാരിന് ഈ മേഖലയോടുള്ള പ്രതിബദ്ധത വ്യക്തമാക്കുന്നതാണ്. ചവറ സാംബശിവൻ സ്മാരകം യാഥാർത്ഥ്യമാക്കിയ നടപടിയെ അഭിനന്ദിക്കുന്നു. പൊതുവിദ്യാലയങ്ങളിൽ വിദ്യാർത്ഥികളുടെ എണ്ണം വർദ്ധിപ്പിക്കാനായതും ശ്രീനാരായണഗുരു ഓപ്പൺ

സർവ്വകലാശാലയുടെ ആസ്ഥാന മന്ദിരനിർമ്മാണത്തിനും വിദ്യാലയങ്ങൾ ഭിന്നശേഷിസൗഹൃദമാക്കുന്നതിനും തുക വകയിരുത്തിയതും ശ്ലാഘനീയമാണ്.

ശ്രീമതി ദെലീമ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പൊതുവിദ്യാലയങ്ങളിൽ വിദ്യാർത്ഥികളുടെ എണ്ണം വർദ്ധിപ്പിക്കാനായതും കോവിഡ് മഹാമാരിയുൾപ്പെടെയുള്ള പ്രതികൂലസാഹചര്യങ്ങളിൽപോലും സമയബന്ധിതമായി പരീക്ഷകൾ നടത്താൻ കഴിഞ്ഞതും ഭിന്നശേഷി വിദ്യാർത്ഥികളുടെ പഠനപിന്തുണയ്ക്ക് സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ സേവനം ഉറപ്പാക്കാനായതും സ്വാഗതാർഹമാണ്. പാഠ്യപദ്ധതി പരിഷ്കരണത്തിന് തുടക്കം കുറിച്ചതും മാതൃഭാഷാ പഠനത്തിന് പ്രത്യേകശ്രദ്ധ നൽകിയതും പാഠപുസ്തകങ്ങളിൽ അക്ഷരമാല ഉൾപ്പെടുത്താൻ തീരുമാനിച്ചതും സ്കൂളുകളിൽ ലിംഗസമത്വം ഉറപ്പാക്കാനായതും സർക്കാരിന്റെ ഈ മേഖലയോടുള്ള പ്രതിബദ്ധത വ്യക്തമാക്കുന്നതാണ്. കലാകാരൻമാരെ സഹായിക്കുന്നതിന് 'മഴമിഴി', 'സമം' എന്നീ പദ്ധതികളാവിഷ്കരിച്ചതും അന്യംനിന്നുപോകുന്ന കലാരൂപങ്ങളെ സംരക്ഷിക്കുന്നതിന് നടപടി സ്വീകരിച്ചതും അഭിനന്ദനാർഹമാണ്. കലാകാരൻമാർക്ക് ആരോഗ്യ ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുന്നതിനും സർക്കാർ സംഘടിപ്പിക്കുന്ന

പരിപാടികളിൽ സാധാരണക്കാരായ കലാകാരൻമാർക്ക് അവസരം നൽകുന്നതിനും അരൂർ മണ്ഡലത്തിൽ കലാ-സാംസ്കാരികനിലയം ആരംഭിക്കുന്നതിനും സ്കൂളുകളിൽ കായികപഠനം നിർബന്ധമാക്കുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. സ്കൂളുകളുടെ അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കാത്തതും അദ്ധ്യാപക ഒഴിവുകൾ നികത്താത്തതും ഒന്നാം ക്ലാസിലേയ്ക്കുള്ള കുട്ടികളുടെ പ്രവേശനത്തിൽ കുറവ് വന്നതും ഏകാദ്ധ്യാപക വിദ്യാലയങ്ങൾ അടച്ചുപൂട്ടിയതും ഗോത്രസാരഥി പദ്ധതി അട്ടിമറിച്ചതും വിദ്യാഭ്യാസ മേഖലയുടെ തകർച്ചയാണ് സൂചിപ്പിക്കുന്നത്. അട്ടപ്പാടിയിൽ ഏകലവ്യ മോഡൽ റെസിഡൻഷ്യൽ സ്കൂൾ ആരംഭിച്ച നടപടിയെ സ്വാഗതം ചെയ്യുന്നു. വയനാട് ജില്ലയിൽ പ്ലസ് ടു സീറ്റുകൾ വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണം.

ശ്രീ. എം. വിജിൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റാൻ സാധിച്ചതും സർക്കാർ വിദ്യാലയങ്ങളിൽ കുട്ടികളുടെ എണ്ണത്തിൽ വർദ്ധനവുണ്ടാക്കാൻ കഴിഞ്ഞതും സർക്കാരിന്റെ

ശ്രദ്ധേയമായ നേട്ടങ്ങളാണ്. വിദ്യാകിരണം പദ്ധതിയിലൂടെ വിദ്യാഭ്യാസ മേഖലയെ ശക്തിപ്പെടുത്താനുള്ള പ്രവർത്തനങ്ങളാണ് നടക്കുന്നത്. കോവിഡ്-19 രോഗവ്യാപന സമയത്തും സമയബന്ധിതമായി പരീക്ഷകൾ നടത്തി റിസൾട്ടുകൾ പ്രഖ്യാപിക്കാനായതും അർഹരായ കുട്ടികൾക്കെല്ലാം പ്ലസ് വൺ അഡ്മിഷൻ നൽകാനായതും ശ്രദ്ധേയമാണ്. പാഠ്യപദ്ധതി പരിഷ്കരണമുൾപ്പെടെ നിരവധി പദ്ധതികളാണ് വിദ്യാഭ്യാസ മേഖലയിൽ നടപ്പിലാക്കിവരുന്നത്. കേരള യൂണിവേഴ്സിറ്റിക്ക് NAAC A++ അംഗീകാരം ലഭിച്ചത് അഭിമാനാർഹമാണ്.

<u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കോവിഡ് പ്രതിസന്ധി ഘട്ടത്തിൽ ഓൺലൈൻ വിദ്യാഭ്യാസത്തിലൂടെ കുട്ടികളുടെ ഭാവി ഭദ്രമാക്കുന്ന നിലപാടാണ് സർക്കാർ സ്വീകരിച്ചത്. പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്കുയർത്തിയും ക്ലാസ് മുറികൾ ഹൈടെക്കാക്കിയും കൃത്യമായി പാഠപുസ്തകങ്ങൾ വിതരണം ചെയ്തും പരീക്ഷകൾ യഥാസമയം നടത്തിയും പൊതുവിദ്യാഭ്യാസരംഗത്ത് സമുജ്ജ്വലമായ മുന്നേറ്റമാണ് കാഴ്ചവച്ചത്. മുണ്ടേരി ഗവൺമെന്റ്. ഹയർസെക്കണ്ടറി സ്കൂളിന്റെ അക്കാദമിക നിലവാരം ഉയർത്തിയ നടപടിയെ അഭിനന്ദിക്കുന്നു. തൊഴിലവസരങ്ങൾ സൃഷ്ടിച്ചും

അതിഥിത്തൊഴിലാളികളുൾപ്പെടെയുള്ളവർക്ക് തൊഴിൽ പരിരക്ഷ ഉറപ്പുവരുത്തിയും തൊഴിൽരംഗത്ത് നടത്തുന്ന പ്രവർത്തനങ്ങൾ മാതൃകാപരമാണ്. പ്രവാസികൾക്കായി ലോക കേരള സഭ സംഘടിപ്പിച്ചതും നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി കേരളത്തെ മാറ്റിയതും അഭിമാനാർഹമാണ്.

ഡോ. കെ. ടി. ജലീൽ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. 2022-23 സാമ്പത്തിക വർഷം 2,546 കോടി രൂപ പൊതുവിദ്യാഭ്യാസ ശാക്തീകരണത്തിനായി നീക്കിവയ്ക്കുകയും സൗജന്യമായി പാഠപുസ്തകങ്ങളും യൂണിഫോമും വിതരണം ചെയ്യുകയും പ്രീപ്രൈമറി വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി 42 പ്രീ-പ്രൈമറി സ്കൂളുകൾ ആരംഭിക്കുകയും ചെയ്തത് സ്വാഗതാർഹമാണ്. മുട്ടന്നൂർ, തവനൂർ ഗവ. എൽ.പി. സ്കൂളുകളിൽ പ്രീ-പ്രൈമറി വിഭാഗം അനുവദിച്ച സർക്കാരിനെ അഭിനന്ദിക്കുന്നു. ഹയർ സെക്കണ്ടറി സ്കൂളുകളിൽ ക്ലർക്ക്, പ്യൂൺ, ലൈബ്രേറിയൻ തുടങ്ങിയവരുടെ സേവനം ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം. ഉന്നതവിദ്യാഭ്യാസരംഗത്ത് പുതിയ കോഴ്സുകൾ അനുവദിച്ച് സർവ്വകലാശാലകളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റാനുള്ള പദ്ധതികളാവിഷ്കരിക്കുന്നത് അഭിനന്ദനാർഹമാണ്. കേരളത്തെ ഉന്നതവിദ്യാഭ്യാസ ഹബ്ബാക്കി മാറ്റാനുള്ള

ശ്രമമാണ് സർക്കാർ നടത്തിവരുന്നത്. ഈ വർഷത്തെ സന്തോഷ് ട്രോഫി ടൂർണ്ണമെന്റ് കുറ്റമറ്റ രീതിയിൽ സംഘടിപ്പിച്ച വകുപ്പുമന്ത്രിയെ അഭിനന്ദിക്കുന്നു.

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. വിദ്യാലയങ്ങളിലും കാമ്പസുകളിലും സമൂഹത്തിന് ഗുണകരമല്ലാത്ത പ്രവർത്തനങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യം ഒഴിവാക്കാനാകണം. മലബാർ മേഖലയിൽ പ്ലസ് ടു സീറ്റുകൾ വർദ്ധിപ്പിക്കുന്നതിനും പുതിയ കോഴ്സുകളും ബാച്ചുകളും ആരംഭിക്കുന്നതിനും ഹൈസ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതിനും അക്കാദമിക രംഗത്ത് ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും നടപടി സ്വീകരിക്കണം.

<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. വികസന സങ്കൽപ്പത്തിന് മാതൃക സൃഷ്ടിക്കുകയും വികസന പ്രക്രിയയിൽ ജനങ്ങളെ ഭാഗമാക്കാൻ കഴിയുന്ന രീതിയിലുള്ള പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുകയും ചെയ്യുന്ന സർക്കാരാണിത്. സ്കൂളുകൾ ഹൈടെക്കാക്കി വിദ്യാഭ്യാസ മേഖലയിൽ പുരോഗതി കൈവരിച്ചതും കേരള സർവ്വകലാശാലയ്ക്ക് National Assessment and Accreditation Council (NAAC) - ന്റെ A++ അക്രഡിറ്റേഷൻ ലഭിച്ചതും ഇന്ത്യയിലെ പത്ത് സംസ്ഥാനങ്ങളിലെ മികച്ച സർവ്വകലാശാലകളിൽ ഒന്നായി കേരള

സർവ്വകലാശാല മാറിയതും പ്രശംസനീയമാണ്. പ്രവാസികൾക്കായി സംഘടിപ്പിച്ച ലോക കേരള സഭയിൽനിന്നും പ്രതിപക്ഷം വിട്ടുനിന്നത് ഖേദകരമാണ്. വിദ്യാഭ്യാസമേഖലയിൽ തൊഴിലുമായി ബന്ധപ്പെട്ട കോഴ്സുകൾ ആരംഭിക്കാനുള്ള നടപടിയുണ്ടാകണം.

ശ്രീ. കെ. കെ. രാമചന്ദ്രൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പൊതുവിദ്യാലയങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ചെമ്പൂച്ചിറ സ്കൂളിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തണം. അസംഘടിത തൊഴിലാളികളുടെ സാമൂഹ്യ സുരക്ഷയ്ക്കും അതിഥി തൊഴിലാളികളുടെ താമസ സൗകര്യത്തിനും ആരോഗ്യ ഇൻഷ്വറൻസിനും ബോധവത്കരണത്തിനും ഫണ്ട് നീക്കിവച്ച നടപടി അഭിനന്ദനാർഹമാണ്. പുതുതായി പ്രഖ്യാപിച്ച ഐ.ടി.ഐ.-കളിലൊന്ന് പുതുക്കാട് മണ്ഡലത്തിന് അനുവദിക്കാനും പ്രീ-പ്രൈമറി സ്കൂൾ ടീച്ചർമാർ/ആയമാരുടെ വേതനം വർദ്ധിപ്പിക്കാനും അൺ-എയ്ഡഡ് മേഖലയിലെ തൊഴിൽ ചൂഷണം അവസാനിപ്പിക്കാനും നടപടി സ്വീകരിക്കണം.

ശ്രീ. ടി. സിദ്ദിഖ്: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ലോകകേരള സഭയിലെ തീരുമാനങ്ങളിൽ ഏതെല്ലാം നടപ്പിലാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കണം. തരുവണ ഗവൺമെന്റ് സ്കൂളിലെ കുട്ടികളെ എയ്ഡഡ്

സ്കൂളിലേക്ക് മാറ്റിയ സംഭവത്തിൽ അന്വേഷണം നടത്തണം. വയനാട് ജില്ലയിൽ പ്ലസ് ടു ബാച്ചുകളും പട്ടികവർഗ്ഗ മേഖലയിൽ ഹ്യുമാനിറ്റീസ് ബാച്ചുകളും കൂടുതലായി അനുവദിക്കണം.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): പൊതുവിദ്യാലയങ്ങളെ ശക്തിപ്പെടുത്താനും തുല്യതയിലൂന്നിയ ഗുണമേന്മാ വിദ്യാഭ്യാസം ഉറപ്പാക്കാനുമാണ് വിദ്യാഭ്യാസ മിഷൻ പ്രവർത്തിക്കുന്നത്. സ്കൂൾതല അക്കാദമിക മാസ്റ്റർ പ്ലാനനുസരിച്ചുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതോടൊപ്പം വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് വൈവിദ്ധ്യമാർന്ന പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുമുണ്ട്. പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിലൂടെ പൊതുവിദ്യാലയങ്ങളിൽ കുട്ടികളുടെ എണ്ണം വർദ്ധിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. വിദ്യാലയങ്ങളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് 973 വിദ്യാലയങ്ങൾക്ക് 2309 കോടി രൂപയുടെ ധനസഹായം കിഫ്ബിയിലൂടെ നൽകിയിട്ടുണ്ട്. ആധുനിക ശാസ്ത്ര സാങ്കേതികവിദ്യ മുഴുവൻ വിദ്യാർത്ഥികൾക്കും ലഭ്യമാക്കുന്നതിന്റെ ഭാഗമായി കേരളത്തെ ഇന്ത്യയിലെ ആദ്യ ഡിജിറ്റൽ സംസ്ഥാനമായി പ്രഖ്യാപിച്ചിട്ടുണ്ട്. നിലവിലുള്ള ഐ.ടി സംവിധാനം ശക്തിപ്പെടുത്തുന്നതിനായി ഐ.ടി ലാബുകൾക്കും വിദ്യാകിരണം

പദ്ധതിപ്രകാരം പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും ലാപ്ടോപ്പുകൾ വിതരണം ചെയ്തിട്ടുണ്ട്. കോവിഡ് കാലത്ത് സ്കൂളുകൾ അടച്ചിട്ടിരുന്ന സമയത്ത് വിദ്യാർത്ഥികൾക്ക് ഭക്ഷ്യ ഭദ്രതാ അലവൻസും സ്കൂൾ പാചക തൊഴിലാളികൾക്ക് 1500 രൂപ വീതം സമാശ്വാസ സഹായധനവും നൽകിയിട്ടുണ്ട്. പ്രീപ്രൈമറി വിഭാഗത്തിലുള്ള മുഴുവൻ കുട്ടികളെയും ഉച്ചഭക്ഷണ പദ്ധതിയിലുൾപ്പെടുത്തുന്ന കാര്യം പരിഗണനയിലാണ്. സ്കൂളുകളിലെ ഉച്ചഭക്ഷണത്തിന്റെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിന് ഭക്ഷ്യവസ്തുക്കളുടെ സാമ്പിളും ജലവും പരിശോധിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. കൈത്തറി യൂണിഫോം വിതരണ പദ്ധതിയിലുൾപ്പെടാത്ത 13.5 ലക്ഷം കുട്ടികൾക്ക് 600 രൂപ വീതം യൂണിഫോം അലവൻസ് നൽകുന്നുണ്ട്. വിദ്യാലയങ്ങളെ ഭിന്നശേഷി സൗഹൃദമാക്കുന്നതിന് വിവിധ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. എസ്.എസ്.എൽ.സി. പാസ്സായ മുഴുവൻ വിദ്യാർത്ഥികൾക്കും തുടർപഠനത്തിന് അവസരമൊരുക്കുന്നതിനായി പ്ലസ് വൺ പ്രവേശനത്തിനുള്ള സീറ്റുകളുടെ എണ്ണത്തിൽ വർദ്ധനവ് വരുത്തിയിട്ടുണ്ട്. പാലക്കാട് മേപ്പറമ്പ് യു.പി. സ്കൂൾ കെട്ടിടനിർമ്മാണത്തിലുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. പി.എസ്.സി മുഖേന

അദ്ധ്യാപക നിയമനം നടത്തിയും ദിവസ വേതനാടിസ്ഥാനത്തിൽ ഗസ്റ്റ് അദ്ധ്യാപകരെ നിയമിച്ചും അദ്ധ്യാപക ക്ഷാമം പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. പാഠ്യപദ്ധതി പരിഷ്കരണത്തിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. 'കേരള സവാരി' എന്ന പേരിൽ സർക്കാർ മേഖലയിൽ ആദ്യത്തെ ഓൺലൈൻ ടാക്സി സംവിധാനത്തിന് തുടക്കം കുറിക്കുകയും അതിഥി തൊഴിലാളികൾക്ക് 'അപ്നാ ഘർ' പദ്ധതിപ്രകാരം ഫ്ലാറ്റ് സമുച്ചയങ്ങളും "ആവാസ്" സൗജന്യ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയും നടപ്പിലാക്കുകയും 'അതിഥി' പോർട്ടൽ മുഖേന രജിസ്ട്രേഷൻ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. പരമ്പരാഗത തൊഴിലാളികൾക്കായി ഇൻകം സപ്പോർട്ട് സ്കീം നടപ്പിലാക്കുകയും വിവിധ മേഖലയിലെ തൊഴിലാളികൾക്ക് തൊഴിൽശ്രേഷ്ഠ അവാർഡ് നൽകുകയും ചെയ്യുന്നുണ്ട്. കേന്ദ്ര ലേബർ കോഡിന്റെ അടിസ്ഥാനത്തിലുള്ള ചട്ടങ്ങൾ സംസ്ഥാനം രൂപീകരിച്ചുവരികയാണ്. അസംഘടിത-പരമ്പരാഗത മേഖലകളിലെ ക്ഷേമനിധി ബോർഡുകളിൽ അംഗങ്ങളായ തൊഴിലാളികളുടെ രജിസ്ട്രേഷൻ 'ഇ-ശ്രം' പോർട്ടൽ മുഖേന പൂർത്തീകരിച്ചിട്ടുണ്ട്. ഒഡെപെക് മുഖേനയുള്ള നഴ്സുമാരുടെ റിക്രൂട്ട്മെന്റ് ഈ വർഷം മുതൽ കൂടുതൽ രാജ്യങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്നതാണ്. വിവിധ ക്ഷേമനിധി ബോർഡുകളിൽ അംഗങ്ങളായ

തൊഴിലാളികളുടെ മക്കൾക്കുവേണ്ടി 'കില'-യ്ക്ക് കീഴിൽ സിവിൽ സർവ്വീസ് കോച്ചിംഗ് സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്. ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസ് വകുപ്പിന് കീഴിലുള്ള ഇ.എസ്.ഐ. ആശുപത്രികളിൽ ഐ.സി.യു. സൗകര്യം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. ഐ.ടി.ഐ.-യിൽ പഠിക്കുന്ന കുട്ടികൾക്ക് ഇൻഷ്വറൻസ് സംവിധാനം ഏർപ്പെടുത്തുന്നതിനും 12 ഐ.ടി.ഐ.-കളെ അന്തർദ്ദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനും പുതുതായി 13 കോഴ്സുകൾ ആരംഭിക്കുന്നതിനും ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ മോഡൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചാക്കുന്നതിനും രജിസ്ട്രേഷൻ കാർഡുകൾ സ്മാർട്ടാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈനിന്റെ നേതൃത്വത്തിൽ തിരുവനന്തപുരത്ത് ഡിസൈൻ കോൺക്ലേവ് സംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): കേരളത്തിന്റെ ഭാവിയെ മുൻനിർത്തി ഉന്നത വിദ്യാഭ്യാസ മേഖലയ്ക്ക് ആവശ്യമായ ഫണ്ട് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. വിദ്യാസമ്പന്നരായ യുവാക്കളുടെ തൊഴിൽശേഷിയും സംരംഭകത്വവും വളർത്തി

സംസ്ഥാനത്തുതന്നെ അവരെ നിലനിർത്തുന്നതിനുള്ള പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളത്. എല്ലാ സർവ്വകലാശാലകളോടും ചേർന്ന് സ്റ്റാർട്ടപ്പ് പാർക്കുകൾ സ്ഥാപിക്കുന്നതിന് ചെന്നൈയിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയുമായി (IITM) സഹകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വിദ്യാർത്ഥികൾക്ക് പഠനത്തോടൊപ്പം തൊഴിൽ ചെയ്യാനുള്ള സൗകര്യം നൽകുന്ന Earn While You Learn പദ്ധതി കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെയും സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെയും ആഭിമുഖ്യത്തിൽ ആരംഭിച്ചിട്ടുണ്ട്. കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കുന്ന ജില്ലാതല സ്കിൽ പാർക്കുകളിൽ ASAP-ന്റെ നേതൃത്വത്തിൽ കെ-സ്കിൽ കാമ്പയ്നിന്റെ മികച്ച തൊഴിൽ പരിശീലനം നൽകുന്നതിനുള്ള പദ്ധതിയും സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന പഠനത്തിൽ മിടുക്കരായ വിദ്യാർത്ഥികൾക്ക് മെറിറ്റ് അടിസ്ഥാനത്തിൽ വിദ്യാർത്ഥി പ്രതിഭാ പുരസ്കാരം നൽകുന്ന പദ്ധതിയും ആരംഭിച്ചിട്ടുണ്ട്. സർവ്വകലാശാലകൾക്ക് യു.ജി.സി സൗജന്യമായി നൽകിവന്നിരുന്ന ഇ-ജേണൽ പദ്ധതി നിർത്തലാക്കിയ സാഹചര്യത്തിൽ, സംസ്ഥാനത്തെ എല്ലാ സർവ്വകലാശാലകൾക്കും/ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഗവേഷണ പ്രവർത്തനത്തിനും മറ്റും ഇ-ജേണൽ വിഭവങ്ങൾ ലഭ്യമാക്കാൻ

സംസ്ഥാനതല ഇ-ജേണൽ കൺസോർഷ്യം (State Level E-Journal Consortium) രൂപീകരിക്കുന്നതാണ്. ഉന്നതവിദ്യാഭ്യാസ കൗൺസിലിന്റെ നേതൃത്വത്തിൽ സംസ്ഥാനത്തെ 11 സർവ്വകലാശാലാ ലൈബ്രറികളിലെ 15 ലക്ഷത്തോളം പുസ്തകങ്ങളും തീസിസുകളും കൂട്ടിയിണക്കി സംസ്ഥാനതലത്തിൽ കേരള അക്കാദമിക് ലൈബ്രറി നെറ്റ്‌വർക്ക് (Kerala Academic Library Network – KALNET) രൂപീകരിക്കുകയും ഉന്നതവിദ്യാഭ്യാസ മേഖലയിൽ മികച്ച അദ്ധ്യാപകരെ വാർത്തെടുക്കുകയെന്ന ലക്ഷ്യത്തോടെ ഉന്നതവിദ്യാഭ്യാസ കൗൺസിലിനുകീഴിൽ ഫാക്കൽറ്റി ഡെവലപ്മെന്റ് സെന്റർ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്തെ സർവ്വകലാശാലകളിലെ വിവിധ വിഷയങ്ങളിലുള്ള യു.ജി/പി.ജി പ്രോഗ്രാമുകളുടെ പഠനസാമഗ്രികൾ ലഭ്യമാക്കുന്നതിനായി ഉന്നതവിദ്യാഭ്യാസ കൗൺസിലിന്റെ വെബ്പോർട്ടലിൽ ഓൺലൈൻ ഡിജിറ്റൽ ശേഖരം രൂപീകരിച്ചിട്ടുണ്ട്. സർക്കാർ നിയോഗിച്ച കമ്മീഷനുകളുടെ റിപ്പോർട്ടുകൾ ലഭ്യമാകുന്ന മുറയ്ക്ക് ഉന്നതവിദ്യാഭ്യാസ മേഖലയിൽ സമഗ്രവും സമൂലവുമായ പരിഷ്കരണം നടപ്പിലാക്കാൻ സാധിക്കുന്നതാണ്. വിദ്യാർത്ഥികളുടെ മാനസികാരോഗ്യം നിലനിർത്താനു- ദ്ദേശിച്ചുകൊണ്ടുള്ള 'ജീവനി' പദ്ധതി കോളേജുകളിൽ വ്യാപിപ്പിക്കുകയും നാഷണൽ സർവ്വീസ് സ്കീം മുഖേന

"വൺ ക്യാമ്പസ് വൺ ഐ.എ.എസ്" പദ്ധതി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. എൻ.സി.സി.-യുടെ ആഭിമുഖ്യത്തിൽ തിരുവനന്തപുരം കല്ലറയിൽ 600 കേഡറ്റുകളെ താമസിപ്പിച്ച് പരിശീലനം നൽകാനുള്ള പദ്ധതി രൂപീകരിച്ചിട്ടുണ്ട്. കിഫ്ബി ഫണ്ടിൽ നിന്ന് സർക്കാർ കോളേജുകൾക്ക് 398.52 കോടി രൂപയും ഹെറിറ്റേജ് കൊളേജുകൾക്ക് 87.84 കോടി രൂപയും എഞ്ചിനീയറിംഗ് കോളേജുകൾക്ക് 76.5 കോടി രൂപയും പോളിടെക്നിക് കോളേജുകൾക്ക് 53.05 കോടി രൂപയും വികസനപ്രവർത്തനങ്ങൾക്കായി ലഭ്യമാക്കുകയും മലയാളം സർവ്വകലാശാല, സാങ്കേതിക സർവ്വകലാശാല, ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാല എന്നിവയുടെ കാമ്പസുകൾ നിർമ്മിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. 30 അന്തർസർവ്വകലാശാല ഗവേഷണ കേന്ദ്രങ്ങൾ സ്ഥാപിച്ച് ഗവേഷണ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് 30 കോടി രൂപ വീതം കിഫ്ബി വഴി വകയിരുത്തിയിട്ടുണ്ട്. രാജ്യത്തെ സർവ്വകലാശാലകളുടെ റാങ്കിൽ ആദ്യ പത്ത് സ്ഥാനങ്ങളിലൊന്നാകാൻ കേരള സർവ്വകലാശാലയ്ക്ക് സാധിച്ചതും മഹാത്മാഗാന്ധി സർവ്വകലാശാല ടൈംസ് റാങ്കിംഗിൽ 702-ാം സ്ഥാനം നേടിയതും അഭിമാനാർഹമാണ്.

വയോജനങ്ങളെയും സംരക്ഷണം ആവശ്യമുള്ള ഇതര വിഭാഗങ്ങളെയും സംരക്ഷിക്കുന്നതിന് സാമൂഹ്യനീതി വകുപ്പിന് കീഴിൽ 577 ഹോമുകൾ പ്രവർത്തിക്കുന്നുണ്ട്. പൊതുയിടങ്ങളും പൊതുസ്ഥാപനങ്ങളും കലാലയങ്ങളും വിദ്യാലയങ്ങളും പൊതുഗതാഗതസംവിധാനങ്ങളും തടസ്സരഹിത കേരളം പദ്ധതിയുടെ ഭാഗമായി ഭിന്നശേഷി സൗഹൃദപരമാക്കുന്നതിന് ശ്രമങ്ങൾ തുടരുകയാണ്. സാമൂഹ്യനീതി വകുപ്പിനുകീഴിലുള്ള NISH, NIPMER എന്നീ സ്ഥാപനങ്ങളെ അന്തർദ്ദേശീയ നിലവാരത്തിലേയ്ക്ക് എത്തിക്കാനാണ് ലക്ഷ്യമിടുന്നത്. മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കാവശ്യമായ പിന്തുണയും വൈദ്യ സഹായവും നൽകുന്നതോടൊപ്പം ബഡ്സ് സ്കൂൾ സംവിധാനങ്ങളോടു കൂടിയ നാല് മാതൃകാ അസിസ്റ്റീവ് വില്ലേജുകൾ ഈ വർഷം ആരംഭിക്കുന്നതാണ്. മാനസികരോഗ വിമുക്തരായവരുടെ പുനരധിവാസത്തിനായി കോഴിക്കോട് ജില്ലയിൽ IMHANS-ന്റെ നേതൃത്വത്തിൽ Day Care പദ്ധതിയും ഭിന്നശേഷിക്കാരായ കുട്ടികൾക്കുള്ള സഹചാരി, ശ്രേഷ്ഠം പദ്ധതിയും നടപ്പിലാക്കി വരുന്നുണ്ട്. വയോപോഷണം, വയോമിത്രം, വയോഅമൃതം, വയോമധുരം, ഇന്നിംഗ്സ് ഹോം എന്നിവയും ഡിമെൻഷ്യ ബാധിച്ച വയോജനങ്ങൾക്കായി പ്രത്യേക പദ്ധതികളും നടപ്പിലാക്കിവരുന്നു. ട്രാൻസ്ജെൻഡർ വിഭാഗത്തിൽപ്പെട്ടവർക്ക് തൊഴിൽ

സംരംഭങ്ങൾ ആരംഭിക്കുന്നതിനും ധനസഹായം നൽകുന്നതിനുമായി 254.80 ലക്ഷം രൂപയുടെ മഴവിൽ പദ്ധതി ആരംഭിച്ചിട്ടുണ്ട്.

ആശ്വാസ കിരണം പദ്ധതി ഗുണഭോക്താക്കൾക്ക് 7 മാസത്തെ കുടിശ്ശിക നൽകിയിട്ടുണ്ട്. എൻഡോസൾഫാൻ ദുരിതബാധിത ലിസ്റ്റിൽപ്പെട്ട 1446 പേർക്ക് അഞ്ച് ലക്ഷം രൂപ വീതവും 1568 പേർക്ക് മൂന്ന് ലക്ഷം രൂപ വീതവും നഷ്ടപരിഹാരമായി അനുവദിച്ചിട്ടുണ്ട്. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): കൊല്ലത്തെ സാംസ്കാരിക കേന്ദ്രം പ്രൊഫഷണലുകൾ കൈകാര്യം ചെയ്യണമെന്ന നിർദ്ദേശം നടപ്പിലാക്കാൻ ശ്രമിക്കുന്നതാണ്. ആലപ്പുഴയിൽ പ്രവർത്തനമാരംഭിക്കുന്ന ഫോക്ക്ലോർ അക്കാദമിയിൽ നാടൻ കലാരൂപങ്ങൾക്ക് സംരക്ഷണം നൽകുന്ന പ്രവർത്തനങ്ങൾ ഉൾപ്പെടുത്തുന്നതിന് നിർദ്ദേശം നൽകുന്നതോടൊപ്പം കലാകാരന്മാർക്ക് നിലവിലുള്ള മെഡിക്കൽ അലവൻസ് സ്കീമിലൂടെ ചികിത്സാസഹായം തുടർന്നും ലഭ്യമാക്കുന്നതിനും പൊതുപരിപാടികളിൽ കലാകാരന്മാരെ പങ്കെടുപ്പിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. സമം, നാട്ടരങ്ങ്, മഴമിഴി കലാസംഗമം എന്നീ പദ്ധതികൾ വിജയകരമായി മുന്നോട്ട്

പോകുകയാണ്. ചാവറയച്ചന് സാംസ്കാരികനിലയം സ്ഥാപിക്കാനുള്ള പ്രവർത്തനങ്ങളാരംഭിച്ചിട്ടുണ്ട്. സാംസ്കാരിക ഡയറക്ടറേറ്റിന്റെ ആസ്ഥാന മന്ദിരം പുതുക്കിപ്പണിയാനും എല്ലാ ജില്ലകളിലും നവോത്ഥാന നായകന്മാരുടെ പേരിൽ സാംസ്കാരിക സമുച്ചയങ്ങൾ നിർമ്മിക്കാനും തിരുവനന്തപുരത്ത് ചലചിത്ര ചരിത്ര മ്യൂസിയം സ്ഥാപിക്കാനും അവശ കലാകാരന്മാർക്ക് പുനരധിവാസ കേന്ദ്രം ആരംഭിക്കാനും ബാലഗ്രാം പദ്ധതി നടപ്പിലാക്കാനും നടപടി സ്വീകരിക്കും. പ്രവാസി സാഹിത്യകാരന്മാർക്ക് പുരസ്കാരം പ്രഖ്യാപിക്കാനും സംഗീത നാടക അക്കാദമി കേന്ദ്രീകരിച്ച് നാടകോത്സവം സംഘടിപ്പിക്കാനും ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കാനുമുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. വൈലോപ്പിള്ളി സാംസ്കാരിക കേന്ദ്രത്തിന്റേയും ഫോക്ക്‌ലോർ അക്കാദമിയുടെയും ലളിതകലാ അക്കാദമിയുടെയും പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതാണ്. ഓൺലൈൻ മൾട്ടിമീഡിയ തിയേറ്ററുകൾ ആരംഭിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (<u>ശ്രീ. വി. അബ്ദുറഹിമാൻ</u>): പ്രൈമറിതലം മുതൽ പാഠ്യപദ്ധതികളിൽ കായികം ഒരിനമായി ഉൾപ്പെടുത്താൻ വിദ്യാഭ്യാസ വകുപ്പ് മുൻകയ്യെടുക്കണം.

എല്ലാ ജില്ലകളിലും ജില്ലാ സ്റ്റേഡിയങ്ങളുടെ പ്രവർത്തനം പൂർത്തീകരിക്കുന്നതിനും കളിക്കളങ്ങളില്ലാത്ത പഞ്ചായത്തുകളിൽ അവ ആരംഭിക്കുന്നതിനും എല്ലാ പഞ്ചായത്തുകളിലും സ്പോർട്ട്സ് കൗൺസിൽ തുടങ്ങുന്നതിനുമുള്ള പ്രവർത്തനങ്ങളാരംഭിച്ചിട്ടുണ്ട്. ഒളിംപിക്സ് ഇനങ്ങളിൽ പ്രത്യേകം പരിശീലനം നൽകുന്നതിന് ജില്ലകൾ തോറും എലൈറ്റ് സെന്ററുകളും ടൂറിസം വകുപ്പുമായി ചേർന്ന് ജില്ലാ ആസ്ഥാനങ്ങളിൽ ഓപ്പൺ ജിമ്മുകളും ആരംഭിക്കുന്നതാണ്. അവശ കായികതാരങ്ങളുടെ പെൻഷൻ 1300 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. 5 ലക്ഷം വിദ്യാർത്ഥികൾക്ക് ഫുട്ബോൾ പരിശീലനം നടത്തുന്ന 'ഗോൾ' പദ്ധതി ആവിഷ്കരിക്കുന്നതിനും 5000 കുട്ടികൾക്ക് അത്‌ലറ്റിക്സ് പരിശീലനം നടത്തുന്നതിനുമുള്ള നടപടി പൂർത്തീകരിച്ചിട്ടുണ്ട്. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>): കോവിഡിന്റെ പശ്ചാത്തലത്തിൽ കേരളോത്സവം ഓൺലൈനായി സംഘടിപ്പിക്കുകയും യുവജനങ്ങളെ കാർഷിക മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനുള്ള കതിർ പദ്ധതിയുടെ ഭാഗമായി 140 ക്ലബുകൾ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. തൊഴിലില്ലായ്മ

ഉൾപ്പെടെ യുവജനത അഭിമുഖീകരിക്കുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. കേരള വോളന്ററി യൂത്ത് ആക്ഷൻ ഫോഴ്സ്, യുവജന കമ്മീഷൻ, യുവജന ക്ഷേമ ബോർഡ് എന്നിവ മാതൃകാപരമായ പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്. സംസ്ഥാനത്ത് യുവജനനയം ആവിഷ്ക്കരിക്കുന്നതാണ്. യൂത്ത് വോളണ്ടിയർ ടീം, യുവജനപ്രതിരോധ സേന എന്നിവയ്ക്ക് രൂപം നൽകുന്നതിനും മതനിരപേക്ഷ യുവകൂട്ടായ്മയ്ക്കായി സെക്കുലർ യൂത്ത് യൂണിറ്റി പ്രോഗ്രാം നടപ്പിലാക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചു.

വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന XVII നമ്പർ ധനാഭ്യർത്ഥനയും തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയും സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയും സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

**അപരാഹ്ന സമ്മേളനം**

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XII - പോലീസ്
(3126,70,74,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XIII - ജയിലുകൾ
(122,81,05,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XIV - സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ
സർവ്വീസുകളും
(436,20,49,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XXIII - വാർത്താ വിതരണവും പ്രചരണവും
(72,39,91,000 രൂപ)

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രിക്കുവേണ്ടി പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയേയും ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയേയും

സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയേയും വാർത്താ വിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിച്ച ചട്ടം 236(3) പ്രകാരമുള്ള പ്രസ്താവന മേശപ്പുറത്തുവയ്ക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചു.

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ജിഷ, ഉത്ര, വിസ്മയ വധക്കേസുകളിൽ ശക്തമായ നടപടി സ്വീകരിക്കാനും പ്രളയം, കോവിഡ് പ്രതിസന്ധികളിൽ മാതൃകാപരമായ പ്രവർത്തനങ്ങൾ നടത്താനും പോലീസ് വകുപ്പിന് കഴിഞ്ഞിട്ടുണ്ട്. ഇന്ത്യയിൽ മതന്യൂനപക്ഷങ്ങൾക്ക് ഏറ്റവും സുരക്ഷിതത്വമുള്ള സംസ്ഥാനം കേരളമാണ്. ക്രമസമാധാനത്തിന്റെ കാര്യത്തിൽ രാജ്യത്ത് ഒന്നാം സ്ഥാനത്തുനിൽക്കുന്ന സംസ്ഥാനമായി കേരളത്തെ മാറ്റാൻ കഴിഞ്ഞതും കേരള പോലീസിന്റെ സോഷ്യൽ മീഡിയ സെല്ലിനും സൈബർ ഡോമിനും 2021 വർഷത്തെ ദേശീയ ഇ-ഗവേണൻസ് അവാർഡ് ലഭിച്ചതും സൈബർ കുറ്റകൃത്യങ്ങൾ നിരീക്ഷിക്കുന്നതിലുള്ള മികവ് പരിഗണിച്ച് സൈബർ ഡോമിന് ഐ.എസ്.ഒ. സർട്ടിഫിക്കറ്റ് ലഭിച്ചതും അഭിനന്ദനാർഹമാണ്. സ്ത്രീ സുരക്ഷ ഉറപ്പാക്കുന്നതിന് പിങ്ക് പ്രൊട്ടക്ഷൻ പ്രോജക്ട് രൂപീകരിച്ചത്

ശ്രദ്ധേയമാണ്. ശാസ്ത്ര സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി കേരള പോലീസിനെ ആധുനികവത്ക്കരിക്കാനുള്ള ശ്രമമാണ് സർക്കാർ നടത്തുന്നത്. കെ-ഫോണിന്റെ സഹായത്തോടെ കേരളം മുഴുവനും സി.സി.ടി.വി. ശൃംഖല സ്ഥാപിക്കാനുള്ള ശ്രമം നടത്തണം. പരമ്പരാഗത പട്രോളിംഗിൽ നിന്നും വെർച്ചൽ പട്രോളിംഗിലേയ്ക്ക് മാറുന്നതിനും പോലീസ് സ്റ്റേഷനുകളിൽ നിയമവിദ്യാർത്ഥികളുടെ ഇന്റേൺഷിപ്പ് നിർബന്ധമാക്കി പരാതിക്കാർക്ക് അവരുടെ സേവനം ലഭ്യമാക്കുന്നതിനും മുൻകയ്യെടുക്കണം. പോലീസ് സ്റ്റേഷനുകളെ സോഷ്യൽ ഓഡിറ്റിംഗിന് വിധേയമാക്കുന്നതിനും അദ്ധ്യാപകർ, ആശാവർക്കർമാർ തുടങ്ങിയവരെ ഉൾപ്പെടുത്തി ജനകീയസമിതി രൂപീകരിച്ച് പോലീസ് സ്റ്റേഷനുകൾ ജനപ്രിയമാക്കുന്നതിനും തയ്യാറാകണം. സ്മാർട്ട് സെൻസേഴ്സ്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് തുടങ്ങിയ നൂതന പദ്ധതികൾ പോലീസിൽ നടപ്പാക്കുന്നതിനും സൈബർ കുറ്റകൃത്യങ്ങൾ കൂടുന്ന സാഹചര്യത്തിൽ ജില്ലയിലെ ഒരു പോലീസ് സ്റ്റേഷനെ സൈബർ പോലീസ് സ്റ്റേഷനാക്കി ഉയർത്തുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. 2019 മുതൽ 2022 വരെ 1065 കൊലപാതകങ്ങളാണ് സംസ്ഥാനത്ത്

റിപ്പോർട്ട് ചെയ്തിട്ടുള്ളത്. രാഷ്ട്രീയ കൊലപാതകങ്ങളുടെ എണ്ണം സംസ്ഥാനത്ത് വർദ്ധിച്ചുവരികയാണ്. 2021-ൽ 3549 പോക്സോ കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുള്ളതിൽ പതിനെട്ട് ശതമാനം കേസുകളിൽ മാത്രമാണ് പ്രതികൾ ശിക്ഷിക്കപ്പെട്ടിട്ടുള്ളത്. സന്ദീപാനന്ദ ഗിരിയുടെ ആശ്രമം കത്തിച്ച കേസിലെയും എ.കെ.ജി. സെന്റർ ബോംബാക്രമണ കേസിലെയും പ്രതികളെ കണ്ടെത്താൻ കഴിയാത്തത് പോലീസ് വകുപ്പിന്റെ കെടുകാര്യസ്ഥതയാണ്. അനധികൃത സ്വത്ത് സമ്പാദന കേസിൽ അന്വേഷണം നേരിടുന്ന പോലീസുദ്യോഗസ്ഥനെ വിജിലൻസിൽ നിയമിച്ച നടപടി പുനഃപരിശോധിക്കണം.

<u>ശ്രീ. വി. ആർ. സുനിൽ കുമാർ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ജാതി-മത-വർഗ്ഗീയശക്തികളെ ചെറുത്തുതോൽപ്പിക്കുന്നതിൽ ഇന്ത്യയിലെ ഇതരസംസ്ഥാനങ്ങൾക്ക് മാതൃകയാകാൻ കേരളത്തിന് കഴിഞ്ഞിട്ടുണ്ട്. എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് ഉൾപ്പെടെയുള്ള കേന്ദ്ര അന്വേഷണ ഏജൻസികളെ ഉപയോഗിച്ച് രാഷ്ട്രീയ പ്രതിയോഗികളെ ഇല്ലാതാക്കാനും സംസ്ഥാനഭരണം പിടിച്ചെടുക്കാനും കേന്ദ്ര ഗവൺമെന്റ് നടത്തുന്ന നീക്കങ്ങൾക്കെതിരെ പ്രതിഷേധിക്കാൻ തയ്യാറാകാത്ത പ്രതിപക്ഷ നിലപാട് അപലപനീയമാണ്.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണമൊരുക്കേണ്ട ആഭ്യന്തര വകുപ്പ് നാടിന് അപമാനകരമായ രീതിയിലാണ് പ്രവർത്തിക്കുന്നത്. എ.കെ.ജി. സെന്റർ ആക്രമിച്ചതുൾപ്പെടെയുള്ള കേസ്സുകളിലെ പ്രതികളെ കണ്ടെത്താനാകാത്തതും ആലപ്പുഴ, പാലക്കാട് ജില്ലകളിലെ വർഗ്ഗീയസംഘർഷങ്ങൾ തടയാൻ കഴിയാത്തതും പോലീസിന്റെ നിഷ്ക്രിയത്വം വ്യക്തമാക്കുന്നതാണ്.

<u>ശ്രീമതി ശാന്തകുമാരി .കെ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ക്രമസമാധാനപാലനത്തിലും വർഗ്ഗീയശക്തികളെ അമർച്ച ചെയ്യുന്നതിലും മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയാകാൻ സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ട്. ജനമൈത്രി പോലീസ് സംവിധാനം, ശിശുസൗഹൃദ പോലീസ് സ്റ്റേഷനുകൾ, എസ്.പി.സി., സാമ്പത്തിക കുറ്റാന്വേഷണങ്ങൾക്കായി പ്രത്യേക സംവിധാനം, പിങ്ക് പോലീസ്, നിഴൽ, അപരാജിത എന്നിവ ഗവൺമെന്റിന്റെ പ്രവർത്തന മികവ് തെളിയിക്കുന്നവയാണ്. പോലീസ് സ്റ്റേഷനുകളുടെ അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും ആധുനികവൽക്കരിക്കുകയും ചെയ്തിട്ടുണ്ട്. വികസന പ്രവർത്തനങ്ങളെ അട്ടിമറിക്കാനുള്ള ശ്രമമാണ് പ്രതിപക്ഷം നടത്തുന്നത്.

<u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ മികച്ച പ്രവർത്തനങ്ങൾ നടത്തുന്ന സംസ്ഥാന പോലീസ് സേനയ്ക്ക് ദേശീയതലത്തിൽ അംഗീകാരം ലഭിച്ചത് അഭിമാനാർഹമാണ്. കേന്ദ്ര സർക്കാരിന്റെ ജനദ്രോഹ നടപടികൾക്കെതിരെ പ്രതിഷേധിക്കാത്ത പ്രതിപക്ഷ നിലപാട് അപലപനീയമാണ്.

<u>ശ്രീ. കെ. യു. ജനീഷ് കുമാർ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പ്രതിസന്ധിഘട്ടങ്ങളിലെല്ലാം പോലീസ് സംവിധാനം ജനങ്ങളോടൊപ്പമുണ്ടെന്നുള്ളത് ആഭ്യന്തര വകുപ്പിന്റെ പ്രവർത്തനമികവാണ്. ട്രെയിനിംഗ് പരിഷ്കരിച്ചും അംഗബലം വർദ്ധിപ്പിച്ചും സൈബർ രംഗത്ത് പരിശീലനം നൽകിയും പോലീസ് സേനയെ ആധുനികവൽക്കരിച്ച നടപടി ശ്രദ്ധേയമാണ്.

<u>ശ്രീ. എം. നൗഷാദ്</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ജനമൈത്രി പോലീസ് സ്റ്റേഷനുകൾ, പിങ്ക് പോലീസ്, ഓൺലൈൻ പരാതി പരിഹാര സംവിധാനം എന്നിവയിലൂടെ പോലീസ് സേനയെ ശക്തിപ്പെടുത്താനുള്ള പ്രവർത്തനങ്ങളുമായാണ് സർക്കാർ മുന്നോട്ടുപോകുന്നത്. നിരവധി അവാർഡുകൾ കേരള പോലീസ് കരസ്ഥമാക്കിയത് അഭിമാനാർഹമാണ്.

<u>ശ്രീ. തോമസ് കെ. തോമസ്</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സമസ്ത മേഖലകളിലും വികസനം മുൻനിർത്തിയുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നത് മാതൃകാപരമാണ്. സുസ്ഥിര വികസനത്തിലും ക്ഷേമപ്രവർത്തനങ്ങളിലും ക്രമസമാധാന പാലനത്തിലും കേരളം മുൻപന്തിയിലാണ്. പോലീസ് സേനയിലേയ്ക്കുള്ള റിക്രൂട്ട്മെന്റുകൾ സമയബന്ധിതമായി നടത്തി ഒഴിവുകൾ യഥാസമയം നികത്തുന്നത് ശ്രദ്ധേയമാണ്. അച്ചടക്കമുള്ള പോലീസ് സേന കേരളത്തിന് അഭിമാനമാണ്. ശാസ്ത്രീയ രീതിയിലുള്ള അന്വേഷണങ്ങളും ജനകീയ പോലീസിന്റെ പ്രവർത്തനങ്ങളും പോലീസ് സ്റ്റേഷനുകളുടെ നവീകരണവും ശ്രദ്ധേയമാണ്.

<u>ശ്രീ. എ. എൻ. ഷംസീർ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പോലീസ് സേനയുടെ നിലവാരമുയർത്താനും ഭയമില്ലാതെ ജനങ്ങൾക്ക് പോലീസ് സ്റ്റേഷനുകളെ സമീപിക്കാനുള്ള സാഹചര്യമൊരുക്കാനും സാധിച്ചിട്ടുണ്ട്. ക്രമസമാധാനപാലനത്തിൽ കേരളം മുന്നിലാണ്. തീരദേശമേഖലയിൽ 200 പേരെ കോസ്റ്റൽ വാർഡൻമാരായി നിയമിച്ചതും ആദിവാസികളെയും കായികതാരങ്ങളെയും പോലീസ് സേനയിൽ റിക്രൂട്ട് ചെയ്തതും വനിതാ പോലീസുകാരുടെ എണ്ണം വർദ്ധിപ്പിക്കാൻ

തീരുമാനിച്ചതും അഭിനന്ദനാർഹമാണ്. ലോക്ഡൗൺ കാലത്തെ പോലീസുകാരുടെ സേവനം സ്തുത്യർഹമാണ്.

ഡോ. എം. കെ. മുനീർ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. പോലീസ് സേന ആർ.എസ്.എസ്.വത്ക്കരിക്കപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കണം. എ.കെ.ജി. സെന്റർ ആക്രമിച്ച പ്രതിയെ പിടിക്കാൻ കഴിയാത്തത് പോലീസിന്റെ വീഴ്ചയാണ്.

ശ്രീ. പി. ബാലചന്ദ്രൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പോലീസ് സേനയെ ജനമൈത്രി സംവിധാനത്തിലേയ്ക്ക് എത്തിക്കാൻ സർക്കാരിന് സാധിച്ചിട്ടുണ്ട്. കോവിഡ് മഹാമാരി കാലത്ത് പോലീസ് നടത്തിയ സേവനങ്ങൾ ശ്രദ്ധേയമാണ്. ഒറ്റപ്പെട്ട സംഭവങ്ങളുടെ പേരിൽ പോലീസ് സേനയെ ഒന്നകെ കുറ്റപ്പെടുത്തുന്ന പ്രതിപക്ഷ നിലപാട് അവസാനിപ്പിക്കണം. ക്രമസമാധാന-നിയമ പരിപാലനം, സ്ത്രീകളുടെയും കുട്ടികളുടെയും സംരക്ഷണം എന്നീ കാര്യങ്ങളിൽ മെച്ചപ്പെട്ട പ്രവർത്തനമാണ് സംസ്ഥാന പോലീസ് നടത്തിവരുന്നത്.

ശ്രീമതി കെ. കെ. രമ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. എ.കെ.ജി. സെന്റർ ആക്രമിച്ച പ്രതിയെപ്പോലും കണ്ടെത്താനാകാത്ത പോലീസിൽ നിന്നും നിഷ്പക്ഷമായ നീതി പ്രതീക്ഷിക്കാനാകില്ല. വധശ്രമകേസ്സുകളിലെ

പ്രതികളെ പിടികൂടാൻ പോലീസ് സേനയ്ക്ക് സാധിക്കാത്തതും ലോക്കപ്പ് മർദ്ദനം തുടർക്കഥയാകുന്നതും ഖേദകരമാണ്. ശിക്ഷിക്കപ്പെടുന്നവരുടെ സ്വൈരവിഹാര കേന്ദ്രമായി ജയിലുകൾ മാറിയിരിക്കുകയാണ്.

ശ്രീ. എം. എം. മണി: ധനാഢ്യർത്ഥനകളെ അനുകൂലിക്കുന്നു. പോലീസ് സേനയെ ആധുനികവത്കരിക്കാൻ സർക്കാർ സ്വീകരിച്ച നടപടി ശ്ലാഘനീയമാണ്. പോലീസ് വകുപ്പ് കാര്യക്ഷമമായ പ്രവർത്തനമാണ് കാഴ്ചവയ്ക്കുന്നത്. ജനസേവനത്തിനും കുറ്റവാളികളെ നിയമത്തിനുമുന്നിൽ കൊണ്ടുവന്ന് ശിക്ഷ നേടിക്കൊടുക്കാനുമുള്ള സംവിധാനമാണ് പോലീസ് സേന എന്ന കാഴ്ചപ്പാടാണ് സർക്കാരിനുള്ളത്.

(ശ്രീമതി കെ. കെ. രമയെക്കുറിച്ച് ശ്രീ. എം. എം. മണി നടത്തിയ പരാമർശത്തിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സ്പീക്കറുടെ ഡയസിനുമുന്നിൽ വന്നുനിന്ന് ബഹളം വച്ചുകൊണ്ടിരുന്നതിനെത്തുടർന്ന് 06.54-ന് താൽക്കാലികമായി നിർത്തിവച്ച സഭ രാത്രി 7.03-ന് പുനരാരംഭിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): ഈ സഭയിലെ അംഗമായ ശ്രീമതി കെ. കെ. രമയെക്കുറിച്ച് ശ്രീ. എം. എം. മണി നടത്തിയ പരാമർശം പിൻവലിച്ച് മാപ്പുപറയാതെ സഭാനടപടികൾ

മുന്നോട്ടുകൊണ്ടുപോകാനാകില്ല.

(പ്രതിപക്ഷാംഗങ്ങൾ ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസിനു മുന്നിൽ വന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

ശ്രീ. എം. എം. മണി: (തുടർച്ച) ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പോലീസിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുകയും പോലീസ് സേനയെ നവീകരിക്കുകയും ചെയ്തു. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിലെ പോലീസിനെക്കാളും കേരളാ പോലീസ് മികച്ചതായി മാറിയിട്ടുള്ളത് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ നയത്തിന്റെ ഭാഗമായാണ്.

ശ്രീ. രമേശ് ചെന്നിത്തല: ശ്രീമതി കെ. കെ. രമയെക്കുറിച്ച് മുൻ മന്ത്രി ശ്രീ. എം. എം. മണി നടത്തിയ പരാമർശത്തിൽ മാപ്പുപറയാതെ സഭാനടപടികൾ മുന്നോട്ടുകൊണ്ടുപോകാനാകില്ല.

(ശ്രീ. എം. എം. മണി മാപ്പുപറയാത്തതിൽ പ്രതിഷേധിച്ച് പ്രതിപക്ഷ നേതാവ് പ്രസ്താവന നടത്തിയശേഷം പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സഭാനടപടികൾ ബഹിഷ്കരിച്ചു.)

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): 2012-ലെ പോക്സോ നിയമം കർശനമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി പൊതുജനങ്ങൾക്കിടയിൽ

ബോധവത്കരണം നടത്തുകയും പ്രതികളെ നിയമത്തിന് മുന്നിൽ കൊണ്ടുവരികയും അന്വേഷണത്തിന് പ്രത്യേക വിഭാഗം രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 427 കേസ്സുകളുടെ വിചാരണ പൂർത്തിയാക്കുകയും 431 പ്രതികളെ ശിക്ഷിക്കുകയും ചെയ്തിട്ടുണ്ട്. ഹൈക്കോടതി നിർദ്ദേശപ്രകാരം പോക്സോ കേസ്സുകൾ കൈകാര്യം ചെയ്യുന്നതിനായി 14 താൽക്കാലിക കോടതികളെ ചുമതലപ്പെടുത്തുകയും 28 താൽക്കാലിക അതിവേഗ പോക്സോ കോടതികളുടെ പ്രവർത്തനം ആരംഭിക്കുന്നതിന് അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. ചങ്ങനാശ്ശേരി ഡിവൈ.എസ്.പി.യുമായി ബന്ധപ്പെട്ട ആരോപണങ്ങളിന്മേൽ അന്വേഷണം നടത്തി നടപടി സ്വീകരിക്കുന്നതാണ്. തീവ്രവാദ വിഭാഗങ്ങളെയും വർഗ്ഗീയ സംഘടനകളെയും പോലീസിന്റെ ഭാഗമാകാൻ അനുവദിക്കുകയില്ല. ആലപ്പുഴയിലും പാലക്കാടും നടന്ന അക്രമസംഭവങ്ങളിൽ പോലീസ് സേനയുടെ ഫലപ്രദമായ ഇടപെടലിലൂടെ അനിഷ്ടസംഭവങ്ങൾ ഒഴിവാക്കാൻ സാധിച്ചിട്ടുണ്ട്. ജനമൈത്രി പോലീസിന്റെ ഇടപെടൽ അഭിമാനാർഹമാണ്. ട്രാൻസ്ജെൻഡറുകളുടെ ഉന്നമനത്തിനായുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. സൈബർ പട്രോളിംഗ്, സൈബർ ഡോം എന്നിവയിലൂടെ സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിന്

സാധിച്ചിട്ടുണ്ട്. പോലീസ്-വിദ്യാഭ്യാസ-എക്സൈസ്-സാമൂഹ്യനീതി വകുപ്പുകളെ ഏകോപിപ്പിച്ച് മയക്കുമരുന്ന് മാഫിയകളെ പ്രതിരോധിക്കാനുള്ള സംവിധാനം ഒരുക്കുകയും ഓൺലൈൻ ഗെയിം സ്വാധീനം കുറയ്ക്കുന്നതിനായി ഡിജിറ്റൽ ഡീ-അഡിക്ഷൻ സെന്ററുകളും ബോധവൽക്കരണ പരിപാടികളും ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങൾക്ക് പ്രാധാന്യം നൽകുന്നതിനും നവകേരള നിർമ്മിതിയിൽ സ്ത്രീകൾക്കുള്ള പ്രാധാന്യത്തെ സംബന്ധിച്ചും ബോധവൽക്കരണം നടത്തിയിട്ടുണ്ട്. 445 വനിതകളെ വനിതാ പോലീസ് ബറ്റാലിയനിൽ ഉൾപ്പെടുത്തി കേരളാ പോലീസിലെ വനിതാ പ്രാതിനിധ്യം ഉയർത്തിയിട്ടുണ്ട്. ഗാർഹിക അതിക്രമങ്ങൾക്കെതിരായ നിയമം ഫലപ്രദമാക്കുകയും സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകൾ, ഷെൽട്ടർ ഹോമുകൾ, രക്ഷാദൂത് എന്നിവ സാമൂഹ്യനീതി വകുപ്പ് വഴി നടപ്പാക്കുകയും ചെയ്തിട്ടുണ്ട്. സാങ്കേതികവിദ്യയ്ക്കനുസൃതമായി പോലീസ് സേനയെ നവീകരിക്കാനുള്ള നടപടി സ്വീകരിക്കുന്നുണ്ട്. പോലീസ് സേനയിൽ ഡ്രോൺ റിസർച്ച് ലാബ് രൂപീകരിക്കുന്നതാണ്. ക്രൈം ഇൻവെസ്റ്റിഗേഷൻ രംഗത്ത് പ്രൊഫഷണലുകളെ സജ്ജരാക്കാൻ കൊച്ചി സർവ്വകലാശാലയുമായി ചേർന്ന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. പോലീസുമായി ബന്ധപ്പെട്ട് ലഭിക്കുന്ന

പരാതികളിൽ 100 മണിക്കൂറിനുള്ളിൽ നടപടി പൂർത്തിയാക്കുന്ന പദ്ധതിയും സാമ്പത്തിക കുറ്റകൃത്യങ്ങൾ തടയാൻ ഇക്കണോമിക് ഒഫൻസസ് വിംഗും ആരംഭിച്ചിട്ടുണ്ട്. ഗുണ്ടാസംഘങ്ങളെ തടയാൻ ജില്ലാ പോലീസ് മേധാവികളുടെ മേൽനോട്ടത്തിൽ ജില്ലാതല സംവിധാനവും ഓപ്പറേഷൻ കാവൽ പദ്ധതിയും സജീവമാക്കുകയും സംഘടിത ആക്രമണങ്ങൾക്കെതിരെ സ്പെഷ്യൽ ആക്ഷൻ ഗ്രൂപ്പ്, ക്രൈം സെൽ എന്നിവ ഫലപ്രദമായി പ്രവർത്തിക്കുകയും ചെയ്യുന്നുണ്ട്. കാപ്പ നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതാണ്. പോലീസിന്റെ ആധുനികവൽക്കരണത്തിനായി 2021-22-ൽ പ്ലാൻ ഫണ്ടിൽ നിന്നും 150 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കേരള പോലീസിനെ ഇതര സംസ്ഥാനങ്ങളുമായി ബന്ധിപ്പിക്കുന്ന സി.സി.റ്റി.എൻ.എസ്. പ്രോജക്ട് നടപ്പാക്കിയിട്ടുണ്ട്. പൊതുജനങ്ങൾക്ക് പരാതി അറിയിക്കാൻ '1064' എന്ന ടോൾ ഫ്രീ നമ്പരും വാട്ട്സാപ്/ഇ-പെറ്റീഷൻ സംവിധാനങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. അഗ്നി രക്ഷാസേനയിൽ പ്രൊഫഷണലുകളുടെ സേവനം ഉപയോഗപ്പെടുത്തുന്നതാണ്. ജയിൽ ഉല്പന്നങ്ങൾക്ക് പ്രോത്സാഹനം നൽകിയതുവഴി ജയിലുകളുടെ തനത് വരുമാനം വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. രാജ്യത്തെ മികച്ച അന്വേഷണ ഏജൻസിയെന്ന നിലയിൽ കേസന്വേഷണ ട്രാക്ക് റിക്കാർഡ്

കരസ്ഥമാക്കാൻ കേരള പോലീസിന് കഴിഞ്ഞത് പ്രശംസനീയമാണ്. പോലീസിനെ രാഷ്ട്രീയ നേതൃത്വത്തിന്റെ ചട്ടുകമാക്കുന്ന നിലപാട് സംസ്ഥാന സർക്കാരിനില്ല. ലഭിക്കുന്ന പരാതികളിന്മേൽ നിഷ്പക്ഷമായ അന്വേഷണം നടത്തി കുറ്റവാളികളെ നിയമത്തിനുമുന്നിൽ കൊണ്ടുവരുന്ന ദൗത്യമാണ് കേരളാ പോലീസ് സ്വീകരിക്കുന്നത്. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചു.

പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയും ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയും സ്റ്റേഷനറിയും അച്ചടിയും മറ്റു ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയും വാർത്താ വിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയും സഭ ഐകകണ്ഠ്യേന പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

(സഭ രാത്രി 8.19-ന് പിരിഞ്ഞു.)

************